ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതുവില്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതു വില്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവില്പന നികുതി (മൂന്നാം ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതു വില്പന നികുതി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ആദ്യമായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിനു വിയോജനക്കുറിപ്പു നൽകിയിട്ടുള്ള അംഗങ്ങൾ ചുരുക്കി സംസാരിക്കണം. ഇന്ന് ഉച്ചകഴിഞ്ഞും നമ്മൾ ഇരിക്കുമെന്നു ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽത്തന്നെ തീരുമാനിച്ചിട്ടുണ്ട്. അതല്ല ഇപ്പോൾ പാസ്സാക്കാമെങ്കിൽ പാസ്സാക്കാം.

ഡോ. തോമസ് ഐസക് : സർ, നമ്മൾ ഇന്ന് സഭയിൽ ചർച്ച ചെയ്യുന്ന രണ്ട് ബില്ലുകളിൽ ഞങ്ങൾ പൊതു വില്പന നികുതി രണ്ടാം ഭേദഗതിക്ക് ഡിസെന്റ് രേഖപ്പെടുത്തിയില്ല. നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങളാണ് നിയമത്തിൽ ഉൾക്കൊള്ളിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ആഗ്രഹിക്കുന്നതെന്നുള്ളതുകൊണ്ട് അതിന് ഞങ്ങൾ വളരെ സഹകരണാത്മകമായ സമീപനമാണ് കൈക്കൊണ്ടത്. എന്നാൽ മൂന്നാം ഭേദഗതി അത്തരത്തിലുള്ള ഒന്നല്ല. ജനങ്ങളുടെമേൽ 300 കോടി രൂപയുടെ അധിക നികുതി ഭാരം ഈ ഒരു വർഷത്തേയ്ക്കല്ല എല്ലാക്കാലത്തേയ്ക്കും അടിച്ചേൽപ്പിക്കുന്നതിനുള്ള ഒരു പരിശ്രമമാണ് അതിലൂടെ നടത്തുന്നത്. ഇതിനോട് യോജിക്കാൻ കഴിയില്ലെന്നുമാത്രമല്ല ഞങ്ങളുടെ ശക്തിയായിട്ടുള്ള എതിർപ്പ് രേഖപ്പെടുത്തുകയാണ്. രണ്ട് വർഷം മുമ്പ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ അന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു ടെമ്പററി മെഷർ എന്നുള്ള രീതിയിൽ അഡീഷണൽ ടാക്സ് 15 ശതമാനം ഏർപ്പെടുത്തി. പിറ്റേവർഷവും വീണ്ടും അത് തന്നെ ആവർത്തിച്ചു. ഇപ്പോൾ അത് ഈ ഒരു വർഷത്തിലേയ്ക്കല്ല ഇനിയുള്ള എല്ലാകാലത്തേയ്ക്കും 15 ശതമാനം അഡീഷണൽ ടാക്സ് ഏർപ്പെടുത്തുന്നതിനുള്ള വകുപ്പാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കഴിഞ്ഞ ബില്ലിന്റെ അവതരണ വേളയിൽ അവകാശപ്പെട്ടതുപോലെ നികുതി പിരിവിലെ സർവ്വകാല റിക്കാർഡ് ഇട്ടിരിക്കുന്ന വർഷത്തിൽ ഇത്തരം ഒരു ജനദ്രോഹം ചെയ്യേണ്ട ആവശ്യം എന്താണ്? കാര്യം വളരെ വ്യക്തമാണ്. അദ്ദേഹം പറഞ്ഞതുപോലെയല്ല കാര്യങ്ങളുടെ കിടപ്പ്. ഞാൻ 17.7 ശതമാനമെന്ന് കഴിഞ്ഞ അവതരണ വേളയിൽ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അത് 21 ശതമാനമായിട്ട് തിരുത്തുകയുണ്ടായി. അവസാനത്തെക്കണക്ക് പ്രകാരം 21 ശതമാനംതന്നെ വരുന്നുണ്ട് എന്നുഞാനും തിരുത്തി പറയാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ഇത് സർവ്വകാല റിക്കാർഡ് ഒന്നുമല്ല. 1996-97-ൽ 2500 കോടി രൂപ ലക്ഷ്യമിട്ടിട്ട് 2772 കോടി രൂപ അന്നത്തെ എൽ.ഡി.എഫ്.സർക്കാർ പിരിച്ചു. മുൻവർഷത്തെ 2286 കോടി രൂപയിൽ നിന്നു 21.3 ശതമാനം വർദ്ധനവാണ്. കഴിഞ്ഞ വർഷം നാമമാത്രമായിട്ട് നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തിയിട്ട് അതിന്മേൽ പിന്നെ ഒരു വർദ്ധനവ് വന്നിരിക്കുന്നു എന്ന ഒരു അവകാശവാദം പൊള്ളയാണ്. യഥാർത്ഥത്തിൽ യു.ഡി.എഫ്.ന്റെ രണ്ട് വർഷത്തെ ഭരണത്തിനിടയിൽ ശരാശരി എത്രയാണ് നികുതി വർദ്ധിച്ചിട്ടുള്ളത്, 11..6 ശതമാനം. എൽ.ഡി.എഫ്-ന്റെ 5 വർഷത്തെ ഭരണക്കാലത്ത് ശരാശരി സെയിൽസ് ടാക്സിന്റെ വർദ്ധനവ് 14 ശതമാനം വീതമാണ്. 11.6-ഉം 14-ഉം തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ഈ 11.6 ശതമാനം രണ്ട് വർഷം കൊണ്ട് ഏതാണ്ട് ആയിരം കോടി രൂപ കൂടുതൽ നികുതി പിരിച്ചത് എങ്ങനെയാണെന്ന് പരിശോധിക്കേണ്ടതുണ്ട്. കഴിഞ്ഞ രണ്ടു വർഷവും അഡീഷണൽ സെയിൽസ് ടാക്സ് വഴി 225 കോടി രൂപ വച്ച് 450 കോടി രൂപ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടല്ല.....

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് 1996-97 -ലെ കണക്കാണ് ഇവിടെ സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ ആ ഒരു സാമ്പത്തിക വർഷത്തിലെ മാത്രം കണക്ക് പറഞ്ഞുകൊണ്ട് 1991 മുതൽ 1996 വരെയുള്ള കണക്കുകൾ അങ്ങ് മറച്ചുവയ്ക്കുകയും 1997 മുതൽ 2001 വരെയുള്ള ഒരു വർഷംപോലും ടാർജറ്റിന്റെ അടുത്തൊന്നും നികുതി പിരിക്കാൻ കഴിഞ്ഞില്ല എന്നുള്ള സത്യം അങ്ങ് മറച്ചുവയ്ക്കുകയല്ലേ ചെയ്തതെന്നാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, അതുതന്നെയാണ് ഞാൻ വിശദീകരിക്കുവാൻ പോകുന്നത്. എൽ.ഡി.എഫിന്റെ ഭരണകാലത്ത് 14 ശതമാനം വീതം സെയിൽസ്ടാക്സ് പിരിവിൽ വർദ്ധനവു വന്നു. ഈ കഴിഞ്ഞ രണ്ടു വർഷം ശരാശരി വർദ്ധന 11.6 ശതമാനമേ ആകൂ. സെയിൽസ് ടാക്സ് വർദ്ധനവ് ആയിരം കോടിരൂപ. അതിൽ 450 കോടി രൂപ അഡീഷണൽ സെയിൽസ് ടാക്സ് പിരിച്ചെടുത്തതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): അത് ടാക്സല്ലേ ?

ഡോ. തോമസ് ഐസക് : നിങ്ങൾ പുതിയ നികുതി ഏർപ്പെടുത്തി. അതിൽനിന്ന് ഇതുപോലുള്ള പുതിയ സെയിൽസ് ടാക്സ് 550 കോടി രൂപ പിരിക്കുന്നു. ബാക്കി മാത്രമാണ് കാര്യക്ഷമതയുടെ വർദ്ധനവിന്റെ ഫലമായിട്ട് നിലവിലുള്ള നികുതി നിരക്ക് ഉപയോഗപ്പെടുത്തി പിരിച്ചിട്ടുള്ളത്. യഥാർത്ഥം പറഞ്ഞാൽ നിങ്ങളുടെ രണ്ടു വർഷത്തെ ഭരണത്തിലെ ശരാശരി ടാക്സിന്റെ പോയിന്റ് 11.6 അല്ല, കേവലം 5 ശതമാനം മാത്രമാണ്. കണക്ക്കൂട്ടി നോക്കിക്കൊള്ളൂ. നിങ്ങൾ അഡിഷണൽ എ.ആർ.എം.ലൂടെ പിരിച്ച നികുതി ആയിരം കോടിയിൽനിന്ന് മാറ്റിയിട്ട് എന്താണ് നിങ്ങളുടെ ടാക്സ് പോയിന്റ് ? എൽ.ഡി.എഫ്-ന്റെ റെക്കോർഡ് എത്രയാണെന്ന് അറിയാമോ? എൽ.ഡി.എഫ്-ന്റെ റെക്കോർഡ് 1996-97-ൽ അഡീഷണൽ സെയിൽസ് ടാക്സ് 13 കോടി. 1997-98-ൽ പത്തു കോടി. 1998-99-ൽ പതിനൊന്നു കോടി രൂപ. 1999-2000-ൽ പതിനൊന്നു കോടി. അവസാന വർഷമാണ് അഡീഷണലായിട്ട് എൻട്രി ടാക്സ് 32 കോടി വരുന്നത്. അങ്ങനെ നികുതി ഇളവുകൾ മാറ്റിക്കഴിഞ്ഞാൽ അഞ്ചു വർഷം കൊണ്ട് അറുപതു കോടി മാത്രം പുതിയ നികുതികൾ ഏർപ്പെടുത്തിക്കൊണ്ട് പതിനാലു ശതമാനം നികുതി സെയിൽസ് ടാക്സ് വരുമാനത്തിലൂടെ വർദ്ധന വരുത്തിയ സമയത്ത് നിങ്ങളുടെ റെക്കോർഡ് എന്താണ് ? നിങ്ങൾ വലിയ റെക്കോർഡ് വരുത്തി എന്നു പറയുന്ന കാലയളവിൽ 5 ശതമാനമാണ്. അല്ലെങ്കിൽ അഞ്ചിനും ആറിനും ശതമാനത്തിന് ഇടയ്ക്കാണ് നിങ്ങളുടെ സെയിൽസ് ടാക്സ് പോയിന്റ്. ഇതാണ് ബഹുമാനപ്പെട്ട മെമ്പറോട് എനിക്കു പറയാനുള്ളത്. എൽ.ഡി.എഫ്-ന്റെ റെക്കോർഡും യു.ഡി.എഫ്-ന്റെ റെക്കോർഡും തമ്മിലുള്ള വ്യത്യാസം ഇതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : യു.ഡി.എഫ്-ന്റെ 1991-96 വരെയുള്ള റെക്കോർഡ് ഇരുപതു ശതമാനത്തിൽ കൂടുതലാണ് ആവറേജ്. 1995-96 ൽ 26 ശതമാനമാണ് വർദ്ധനവ്. അതേ അവസരത്തിൽ എൽ.ഡി.എഫ്-ന്റേത് പതിനാലു ശതമാനമായി കുറഞ്ഞു എന്നുള്ളതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത് ?

ഡോ. തോമസ് ഐസക് : എൽ.ഡി.എഫ്-ന്റെയും യു.ഡി.എഫ് ന്റെയും കാലയളവിലെ നികുതി വരുമാനങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ കാണുന്ന ഒരു പ്രധാനപ്പെട്ട വ്യത്യാസം എന്താണെന്നുവച്ചാൽ നിങ്ങൾ ചെയ്യുന്നതുപോലെ പുതിയ നികുതികൾ എൽ.ഡി.എഫ്-ന്റെ ഭരണ കാലത്ത് അടിച്ചേല്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഫലമായിട്ട് മുൻ കാലത്ത് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ആര്യാടൻ പറഞ്ഞതുപോലെ 1991-മുതൽ 1996-വരെയും 1996 മുതൽ 2000 വരെയുമുള്ള ഈ വ്യത്യാസം കാണുമെങ്കിലും ഇപ്പോഴത്തെ ഈ രണ്ടു വർഷത്തെയു.ഡി.എഫ്-ന്റെ ഭരണത്തിന്റെ പ്രത്യേകത എന്താണെന്നുവച്ചാൽ , നിങ്ങളുടെ മുൻകാലത്ത് ഉണ്ടായിരുന്ന ചില മേന്മകൾപോലും നിലനിർത്താൻ പറ്റാത്ത വിധത്തിലേയ്ക്ക് നിങ്ങളുടെ ധനകാര്യ മാനേജുമെന്റ് മാറിപ്പോയിരിക്കുന്നു എന്നുള്ളതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സി. & എ.ജി. റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്; റവന്യൂ വരവ് വർദ്ധിച്ചതും റവന്യൂ ചെലവ് കുറഞ്ഞതുമാണ് ഈ സർവ്വകാല റെക്കോർഡ് ഉണ്ടാകത്തക്ക രീതിയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുപോലുള്ള പുരോഗതി ഉണ്ടായത് എന്ന്. അതിനെപ്പറ്റി സാമ്പത്തിക ശാസ്ത്രജ്ഞനായ അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത് ?

ഡോ. തോമസ് ഐസക് : ശരിയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സി. ആന്റ് എ.ജി. റിപ്പോർട്ട് മാത്രമല്ല, ബഡ്ജറ്റ് ഇൻ ബ്രീഫുമെല്ലാം എടുത്തു കഴിഞ്ഞാലും റവന്യൂ ഡഫിസിറ്റും ഫിസ്കൽ ഡഫിസിറ്റും കുറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഒരു കാര്യം തര്യപ്പെടുത്തിക്കൊള്ളട്ടെ ? ഇപ്പോൾ അവതരിപ്പിച്ച് ചർച്ച ചെയ്യുവാൻ പോകുന്ന ബഡ്ജറ്റ് പ്രകാരം ഈ രണ്ട് ഡഫിസിറ്റും നിങ്ങളുടെ ആദ്യത്തെ ഭരണവർഷക്കാലത്തേയ്ക്ക് വീണ്ടും ഉയർത്തിയിരിക്കുകയാണ്. എങ്ങനെയാണ് ഈ കമ്മി ചുരുക്കിയിരിക്കുന്നത് ? പദ്ധതി വെട്ടിക്കുറച്ചുകൊണ്ടാണ്. എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് എന്താണ് നടന്നതെന്ന് അറിയാമോ ? ഞാൻ ഓരോ വർഷത്തെയും കണക്ക് വായിക്കുന്നില്ല. അഞ്ചു വർഷം കൊണ്ട് ബഡ്ജറ്റ് ഔട്ട് ലേ സ്റ്റേറ്റ് പ്ലാൻ സ്ക്കീമിൽ 14, 893 കോടി രൂപയാണ്. ചെലവാക്കിയത് 15714 കോടി രൂപയുമാണ്. നിങ്ങളുടെ രണ്ടു വർഷത്തെ പ്ലാനിന്റെ വെട്ടിച്ചുരുക്കൽ റെക്കോർഡാണ്. കഴിഞ്ഞ വർഷം ഇരുപത്തിയഞ്ചു ശതമാനമാണ്.. അതിനു മുമ്പത്തെ വർഷം ഇടക്കാല ബഡ്ജറ്റിൽ പ്ലാൻ കുറച്ചു എന്നു മാത്രമല്ല, ആ കുറച്ച പണം പോലും നിങ്ങൾ ചെലവാക്കിയില്ല. അപ്പോൾ ഈ കമ്മി കുറയ്ക്കുന്നു എന്നു പറയുന്നത് ഈ വികസന പ്രവർത്തനങ്ങൾ ഇത്തരത്തിൽ വെട്ടിച്ചുരുക്കിക്കൊണ്ടാണ്. ഇത് വളരെ വ്യക്തമാണ്. എന്നിട്ടും കഴിഞ്ഞ ദിവസത്തെ ചോദ്യോത്തരത്തിൽ തന്ന ഒരു പ്രധാനപ്പെട്ട കണക്ക് ഞാൻ ഒന്ന് സൂചിപ്പിച്ചുകൊള്ളട്ടെ. എന്താണ് സംസ്ഥാനത്തിന്റെ ഇന്നത്തെ കടത്തിന്റെ നില ? ഇടതുപക്ഷ ജനാധിപത്യ മുന്നണി അഞ്ചു വർഷത്തേയ്ക്ക് 7759 കോടി രൂപ കടമെടുത്തപ്പോൾ നിങ്ങൾ രണ്ട് വർഷംകൊണ്ട് 5706 കോടിരൂപയാണ് കടമെടുത്തത്. നിങ്ങൾ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടം ആകെ 23,919 കോടി രൂപയായത് ഒറ്റ വർഷം കൊണ്ട് ഒമ്പതു ശതമാനം വർദ്ധിച്ചു. 26,057 കോടി രൂപയായി ഈ രണ്ടാം വർഷം. കഴിഞ്ഞ വർഷം എത്രയാണെന്നറിയാമോ ? സംസ്ഥാനത്തിന്റെ കടഭാരം വർദ്ധിച്ചിട്ടുള്ളത് പത്തൊമ്പതു ശതമാനമാണ്. സി. & എ.ജി.യുടെ കണക്ക് പ്രകാരം 31,057 കോടി രൂപ സംസ്ഥാനത്തിന്റെ ലിക്യുഡിറ്റി റേഷ്യോ നിങ്ങൾ അധികാരത്തിലേറുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വരുമാനത്തിന്റെ 36% ശതമാനമായിരുന്നത് ഇന്ന് 39 ശതമാനമായിരിക്കുകയാണ്. സംസ്ഥാനത്തിന്റെ കടഭാരം വർദ്ധിപ്പിച്ചും പദ്ധതി ചെലവ് വെട്ടിച്ചുരുക്കേണ്ടി വന്നു എന്നു മാത്രമല്ല, ഈ ഉള്ള പദ്ധതികളുടെ ഉള്ളടക്കം എന്താണ് ? നിങ്ങൾ മേടിച്ച കടത്തിന്റെ നിബന്ധനകൾമൂലം, ഈ പദ്ധതിയുടെ ഏതാണ്ട് ഇരുപതു ശതമാനം എ.ഡി.ബി വായ്പയുടെ റിസോഴ്സ് ആയിരുന്നിട്ടും എന്താണ് സംഭവിക്കുന്നത് ? നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിന് അനുസൃതമായ പദ്ധതി ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും ചെറുതായിട്ട് താഴ്ത്തേണ്ടി വന്നത്. പദ്ധതി വെട്ടിക്കുറച്ചുവെന്നു മാത്രമല്ല, പദ്ധതിയുടെ ഉള്ളടക്കം തന്നെ ഏറ്റവും വിപുലമാക്കി കുറച്ചു. അതിന്റെ ഫലമായിട്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ എന്താണ് സംഭവിച്ചിരിക്കുന്നത് ? എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് 1998-99-ൽ ഏഴു ശതമാനം സാമ്പത്തിക വളർച്ച, 2000-2001 ൽ 5% കഴിഞ്ഞ വർഷത്തെ സാമ്പത്തിക വളർച്ച നമ്മുടെ ഇക്കണോമിക് റിവ്യൂ പ്രകാരം 4.7 ശതമാനമാണ്. യു.ഡി.എഫ്-ന്റെ തീരുമാനം ഈ ധനകാര്യപരമായിട്ടുള്ള വൈകല്യങ്ങൾ, തെറ്റായിട്ടുള്ള നയങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെത്തന്നെ മുരടിപ്പിക്കുന്നതിലേയ്ക്കും പ്രതികൂലമായി എത്തിക്കുന്നതിലേയ്ക്കും വഴി തെളിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനോടുള്ള ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, സബ്ജക്ട് കമ്മിറ്റിയിൽ ഈ ബില്ലിന് വിയോജിപ്പ് രേഖപ്പെടുത്താൻ ഞങ്ങളെ പ്രേരിപ്പിച്ച കാരണങ്ങൾ ഇവിടെ പറഞ്ഞു.ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രയാസം വലിയ പ്രയാസം തന്നെയാണ്. കഴിഞ്ഞ സഭയിൽ സംസാരിച്ചപ്പോൾ അദ്ദേഹം കല്ല് ഉരുട്ടിയുരുട്ടി മുകളിലേയ്ക്ക് കൊണ്ടുപോയി. അദ്ദേഹം പറഞ്ഞത് ലോകം മുഴുവൻ ഇങ്ങനെ വരാൻ പോകുകയാണ്. വെസ്റ്റ് ബംഗാളിൽ ഇങ്ങനെയാണ്. അഷിംദാസ് ഗുപ്തയാണെങ്കിൽ പ്രത്യേകം പറഞ്ഞിരിക്കുന്നു, ആ പേര് അങ്ങനെ പത്തുവട്ടം പറഞ്ഞ് വാക്കിന്റെ മായാവലയം തീർത്ത്, നമുക്കിനി വേറെ യാതൊരു പോംവഴിയുമില്ല, നമുക്ക് ആ വഴി പിന്തുടരാമെന്നാണ് പറഞ്ഞത്. അദ്ദേഹം ഉരുട്ടിക്കയറ്റിയ കല്ല് ദേ താഴേയ്ക്ക് തള്ളിയിട്ടിരിക്കുന്നു. അദ്ദേഹം താഴേക്ക് ഉരുട്ടിവിട്ടിരിക്കുകയാണ്. ആ കല്ല് ഇപ്പോൾ,... ഞാൻ ആ പേര് പറയാൻ ഇഷ്ടപ്പെടുന്നില്ല.പക്ഷേ നാറാണത്തു ഭ്രാന്തനേക്കാൾ ദയനീയമായ അവസ്ഥയിലാണ് ഈ ധനകാര്യ ബില്ലുകൾ ഉരുട്ടിക്കയറ്റുകയും താഴേക്ക് ഉരുട്ടിവിടുകയും ചെയ്യുന്ന ആ അഭ്യാസമെന്ന് പറയാതിരിക്കുവാൻ പറ്റുകയില്ല. എന്തായാലും നമ്മുടെ സ്ഥിതി എന്താണ് ? ബഹുമാനപ്പെട്ട മന്ത്രിയും മറുഭാഗത്തുള്ള സുഹൃത്തുക്കളും പറയുന്നു, ധനകാര്യ മാനേജ്മെന്റിൽ ഒരുപാട് അത്ഭുതം സംഭവിച്ചു. രണ്ടുകൊല്ലക്കാലം കൊണ്ട് യു.ഡി.എഫ് ഗവൺമെന്റുണ്ടാക്കിയ ഈ ധനകാര്യ മഹത്വത്തിന്റെ യഥാർത്ഥ കഥകൾ പറഞ്ഞു കഴിഞ്ഞു. പൊതുകടം വർദ്ധിക്കുകയാണ്. പ്ലാൻ വെട്ടിച്ചുരുക്കപ്പെടുകയാണ്. എല്ലാ രംഗത്തും വികസനം മുരടിക്കുകയാണ്. പാവങ്ങളെ സമ്പൂർണ്ണമായി ഗവൺമെന്റ് മറക്കുകയാണ് ? ഇവിടെ പലപ്പോഴും പ്രകീർത്തിക്കപ്പെടുന്ന ഈ വലിയ നേട്ടങ്ങളുടെ പുറകിലേക്ക്നോക്കുമ്പോൾ ഒരുപാട് ക്ഷേമപദ്ധതികൾ, ഒരുപാട് പെൻഷൻ പദ്ധതികൾ ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയല്ലേ? കർഷകത്തൊഴിലാളി പെൻഷന്റെ 18 മാസത്തെ ബാക്കി കൊടുക്കാൻ കിടക്കുകയാണ്. ഇപ്പോൾ 20 മാസമായി. 20 മാസത്തെ പെൻഷൻ കൊടുക്കാൻ ബാക്കിയുള്ള ഗവൺമെന്റാണ്. ബഹുമാനപ്പെട്ട ഭരണകക്ഷി അംഗം ശ്രീ. ഷാജു പറയുന്നു പതിനെട്ടുമല്ല, ഇരുപതുമല്ല, ഇരുപത്തി ഏഴായി എന്ന്. എന്തായാലും കൊടുക്കാൻ ബാധ്യതപ്പെട്ട പെൻഷനുകളെല്ലാം കൊടുക്കാൻ ബാക്കിയുള്ള ഗവൺമെന്റ്, തൊഴിലില്ലാത്തവർക്ക് കൊടുക്കാൻ വേണ്ടിയുള്ള ആ ചെറിയ ഒരു റിഹർസിതം കൊടുക്കാൻ വിസമ്മതിക്കുന്ന ഒരു ഗവൺമെന്റ്, കഷ്ടപ്പെടുന്ന എല്ലാവരേയും മറക്കുന്ന ഗവൺമെന്റ്.

ശ്രീ. ബി. രാജയകുമാർ : കർഷകത്തൊഴിലാളി പെൻഷൻ 18 മാസം കുടിശ്ശികയുണ്ടെന്ന് അങ്ങ് പറഞ്ഞു. അങ്ങ് മറന്നുപോയിക്കാണും. പക്ഷേ അങ്ങയുടെ മുന്നിലിരിക്കുന്ന അങ്ങയുടെ നിയമസഭാ കക്ഷി നേതാവ് ശ്രീ. കെ.പി.രാജേന്ദ്രനോട് ചോദിക്കണം. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റ് ഇറങ്ങിപ്പോകുമ്പോൾ കർഷകത്തൊഴിലാളി പെൻഷൻ എത്ര മാസം ബാക്കിയുണ്ടായിരുന്നുവെന്നും വാർദ്ധക്യകാല-അഗതി പെൻഷനുകൾ എത്ര മാസം കുടിശ്ശികയുണ്ടായിരുന്നുവെന്നും ഒന്ന് ഓർക്കുന്നത് നന്നായിരിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : കർഷകത്തൊഴിലാളി പെൻഷൻ 20 മാസം കുടിശ്ശിക വരുത്തിയത് 95 കോടി രൂപയാണ്. വിധവാ പെൻഷൻ, അഗതി പെൻഷൻ, തൊഴിലില്ലായ്മ വേതനം എല്ലാം കൂടിയാണിത്. ബിനോയ് അത് ഇവിടെ നേരത്തെ പറഞ്ഞല്ലോ. ഞാൻ അതുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിക്കുകയാണ്. ശ്രീ. കുഞ്ഞാലിക്കുട്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ ഒരു പരിപാടിയിൽ ഒരു കാര്യം പറയുകയുണ്ടായി, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗനവാടികളിൽ കുഞ്ഞുങ്ങൾക്ക് പാൽ കൊടുക്കാൻ ഗൗരിയമ്മ കൊണ്ടുവന്ന ഒരു കപ്പ് പാലും ഒരു ഷേക്ക് ഹാൻഡും പദ്ധതിപ്രകാരം കേരളത്തിലെ കുഞ്ഞുങ്ങൾക്ക് പാൽ കൊടുത്ത വകയിൽ 20 കോടി രൂപ മിൽമയ്ക്ക് കൊടുക്കാൻ ഈ ഗവൺമെന്റ് കുടിശ്ശിക വച്ചതിന്റെ അടിസ്ഥാനത്തിൽ മിൽമയുടെ ഡയറികളിൽ നിന്നുള്ള പാൽ വിതരണം ഇപ്പോൾ നിർത്തലാക്കി എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. കെ. ബാലൻ : ഫാമിലി പ്ലാനിംഗുമായി ബന്ധപ്പെട്ട് സന്താന നിയന്ത്രണത്തിന് ഒരു ബക്കറ്റും സാമ്പത്തിക ആനുകൂല്യവുമുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ ആനുകൂല്യംകൊടുത്തിട്ടില്ലായെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? .....(ബഹളം).....

ശ്രീ. ബിനോയ് വിശ്വം : ഞാൻ ഇനി ആർക്കും വഴങ്ങില്ല. ഇവിടെ ഏറ്റവും വലിയ ഗംഭീര കാര്യമായി പറഞ്ഞത് ഒരു ഷേക്ക് ഹാൻഡും ഒരു കപ്പ് പാലും എന്നാണ്. ആ കഥയാണ് പറഞ്ഞത്. ഞാൻ അംഗൻവാടികളിൽ പോകുമ്പോഴെല്ലാം അവിടത്തെ ആയമാരും ടീച്ചർമാരും കുട്ടികളും പറയാറുണ്ട് പാൽ കൊടുക്കാൻ വേണ്ടി വാങ്ങിയ ഗ്ലാസ്സുകളെല്ലാം കമഴ്ത്തി വച്ചിരിക്കുയാണ് എന്ന്. കൊടുക്കാൻ പാലില്ല. മിൽമ പറയുന്നു കിട്ടാൻ ബാക്കിയുള്ള പണം ഇന്ന് കിട്ടിയാൽ നാളെ പാൽ കൊടുക്കാമെന്ന്. ബഹുമാനപ്പെട്ട മന്ത്രി ദയവായി പറയണം സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റ് ഗംഭീരമായ സാഹചര്യത്തിൽ നിങ്ങളുടെ റവന്യൂ വരുമാനം വർദ്ധിച്ചിരിക്കേ പാൽ കൊടുക്കാൻ പാകത്തിന് മിൽമയ്ക്ക് കൊടുക്കാനുള്ള പണം എന്ന് കൊടുക്കുമെന്ന് പറയാൻ കഴിയുമോ? അത് നല്ലതാണ്. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് അവർ ഇറങ്ങിപ്പോകുമ്പോൾ എല്ലാ പെൻഷനുകളും കൊടുത്തുതീർത്തിട്ടാണ് പോയത്. .....(ബഹളം)..... അതേസമയം രണ്ടു കൊല്ലം പൂർത്തിയാക്കിയപ്പോൾ 20 മാസത്തെ പെൻഷൻ കൊടുക്കാൻ ബാക്കിയുള്ള ഒരു ഗവൺമെന്റാണ് നമ്മുടെ മുമ്പിലുള്ളത്. .....(ബഹളം)..... തൊഴിലില്ലായ്മ രംഗത്ത് നിങ്ങളുടെ ഗവൺമെന്റ് വഞ്ചന മാത്രമാണ് നടപ്പാക്കിയിരിക്കുന്നത്. അതുകൊണ്ട് കൊടുക്കാൻ ബാക്കിയുള്ള പെൻഷനുകളും....

മി. സ്പീക്കർ : ആരായാലും സഭയിൽ സത്യവിരുദ്ധമായി പറഞ്ഞാൽ അത് കൺടെംപ്റ്റാണ്.

ശ്രീ. ബിനോയ് വിശ്വം : എല്ലാ പെൻഷനുകളും ക്ഷേമനിധികളും ഈ മെച്ചപ്പെട്ട ധനകാര്യ സ്ഥിതി സംജാതമായിരിക്കേ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന കാര്യം കൂടി മന്ത്രി വെളിപ്പെടുത്തണം. 2001 മാർച്ച് 31-ാം തീയതി 23,913 കോടി രൂപ കടമുണ്ടായിരുന്ന നമ്മുടെ സംസ്ഥാനത്തിൽ ഇപ്പോൾ 2003 മാർച്ച് 31-ാം തീയതി 31,057 കോടി രൂപ കടമായിരിക്കുകയാണ്. നല്ല സാമ്പത്തിക മാനേജ്മെന്റ് ഉണ്ടായതിന്റെ ലക്ഷണമാണോ ഇത് എന്നുള്ള കാര്യം ഇവിടെ മന്ത്രി പറയണം. നബാർഡിന്റെ ഭാഗത്തു നിന്ന് കടമെടുത്തത് 293.95 കോടി രൂപ, എൽ.ഐ.സി..യുടെ ഭാഗത്തു നിന്ന് വാങ്ങിയ വായ്പ 811.58 കോടി രൂപ, ജി.ഐ.സി.യിൽ നിന്ന് വാങ്ങിയ കടം 65.90 കോടി രൂപ, സെൻട്രൽ ഗവൺമെന്റിന്റെ കടം നമുക്ക് ലഭിച്ചത് ഈ കാലയളവിൽ 1868.48 കോടി രൂപയുമാണ്. അതിൽ എ.ഡി.ബി. കനിഞ്ഞേകിയ 601 കോടി രൂപയും പെടുന്നു. പൊതുവിപണിയിൽ നിന്ന് ഗവൺമെന്റ് വാങ്ങിയ കടം 2666.58 കോടി രൂപയാണ്. ഈ കടത്തിനെല്ലാം പലിശയുണ്ട്. അങ്ങനെ വായ്പ തിരിച്ചടയ്ക്കാൻ വേണ്ടി മാത്രമായി 1699.57 കോടി രൂപ മാറ്റി വയ്ക്കുകയാണ്. പലിശയിനത്തിൽ ഇക്കഴിഞ്ഞ വർഷം മാത്രം ഗവൺമെന്റ് 2181.40 കോടി രൂപ മാറ്റി വച്ചിരിക്കുകയാണ്. 20.86 ശതമാനം പലിശ കൊടുക്കുന്ന ഒരു ഗവൺമെന്റാണ് നമ്മുടെ ഇപ്പോഴത്തെ ഗവൺമെന്റ്. കടം വാങ്ങി കടം വാങ്ങി മുടിയുന്ന ഗവൺമെന്റ്. ഇവിടെ പറയുന്നു എല്ലാം വെട്ടിച്ചുരുക്കിയിട്ട്, പ്ലാനെല്ലാം വെട്ടിച്ചുരുക്കിയിട്ട്, ഇവിടെ ശ്രീ.ബാലൻ പറഞ്ഞതുപോലെ പ്ലാനെല്ലാം വന്ധ്യംകരിച്ചിട്ട് ഒരു ബക്കറ്റുപോലും കൊടുക്കാതെ ഞരമ്പ് മുറിച്ചിട്ട് ഈ നേട്ടമെല്ലാം ഉണ്ടാക്കിയിട്ട് എന്ത് നുണകൊണ്ടാണ് ഇവിടെ പെരുമഴ പെയ്യിക്കാൻ പോകുന്നത്? ഈ നുണക്കഥകളെല്ലാം മാറ്റിവച്ച് ദയവായി ജനങ്ങളെ പിഴിയുന്ന ഈ സമീപനങ്ങളിൽ നിന്ന് മാറണമെന്നാണ് എന്റെ അപേക്ഷ. അനിശ്ചിതകാലത്തേയ്ക്കുള്ള 50 ശതമാനം അഡീഷണൽ സെയിൽസ് ടാക്സിന്റെ ഈ മാർഗ്ഗം വഴി സ്റ്റേറ്റിനേയോ ജനങ്ങളേയോ സഹായിക്കാൻ ഈ ഗവൺമെന്റിന് കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ ഈ ബിൽസിന് ഒരു ഡിസന്റ് രേഖപ്പെടുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ എന്റെ ഡിസന്റ് അവതരിപ്പിക്കുയാണ്. ഇതൊരു പ്രത്യേകതരത്തിൽ ജനറൽ സെയിൽസ് ടാക്സ് എല്ലാം വാങ്ങിക്കഴിഞ്ഞതിനുശേഷം ഇപ്പോൾ ഒരു അഡീഷണൽ സെയിൽസ് ടാക്സ് വന്നു. കളിയാക്കി പറയുകയാണെങ്കിൽ മാങ്ങയ്ക്ക് ടാക്സ് വന്നു, മാങ്ങാത്തൊലിക്ക് വേറൊരു ടാക്സ് അഡീഷണൽ. മാങ്ങയുടെ അടിയിലിരിക്കുന്ന മാങ്ങയുടെ അണ്ടിക്കും ടാക്സ്. ആ രൂപത്തിലാണ് ഇവർ ഇപ്പോൾ ടാക്സ് കൊണ്ടുവരുന്നത്. ഈ ടാക്സിനെ സംബന്ധിച്ച് പരിശോധിച്ച് നോക്കുകയാണെങ്കിൽ ഈ ഗവൺമെന്റിന് കിട്ടാവുന്ന മുഴുവൻ ടാക്സും പിരിച്ചെടുത്തുവെന്ന് പറയാൻ കഴിയുമോ? കഴിഞ്ഞ രണ്ടു വർഷത്തെ ടാർജറ്റ് തന്നെ പരിശോധിച്ചു നോക്കിയാൽ ടാർജറ്റിന്റെ അടുത്തുതന്നെ എത്തിയിട്ടില്ല. പിരിഞ്ഞ ടാക്സിനെ സംബന്ധിച്ച് ഡോക്ടർ ഇവിടെ പറഞ്ഞു. അതിലേറെ കാര്യം ഡിമാന്റിന്റെ ഘട്ടത്തിൽ നിങ്ങൾ എത്ര പിരിച്ചു എന്നതിനെ സംബന്ധിച്ച് ഞങ്ങൾ പറയാം. പക്ഷേ ഒരു കാര്യം പറയാം. 97 ശതമാനത്തോളം കച്ചവടക്കാരും കൊടുക്കുന്ന റിട്ടേൺസ് അതേപോലെ അക്സെപ്റ്റ് ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതു സംബന്ധിച്ച വല്ല സംശയവുമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരോട് ചോദിക്കണം. എത്ര ട്രേഡേഴ്സ് ഇവിടെ റിട്ടേൺ സമർപ്പിക്കുന്നു ? ട്രേഡേഴ്സിൽ എത്ര ശതമാനത്തെ പരിശോധനാവിധേയമാക്കുന്നു? യഥാർത്ഥത്തിൽ 97 ശതമാനവും അതുപോലെ തന്നെ അക്സെപ്റ്റ് ചെയ്യുന്ന ഒരു ഗതികേട് ഈ ഡിപ്പാർട്ടുമെന്റിനുണ്ട്. കടപരിശോധനയില്ല, സർപ്രൈസ് ചെക്കിങ്ങ് ഇല്ല. മാത്രമല്ല, വൻകിടക്കാരോടൊക്കെ ഒരു സോഫ്റ്റ് ആറ്റിറ്റ്യൂഡാണ്. അങ്ങനെയുള്ള ഉദാരമായ സമീപനമാണ് വൻകിട കച്ചവടക്കാരോട് നടത്തിയിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആണ് പുതിയൊരു സ്ഥിതി വന്നത്. ഉദാരവൽക്കരണം. അതിന്റെ ഒരു ഭാഗമായിത്തന്നെ ടാക്സ് മേഖലയിൽ, വൻകിട കച്ചവടക്കാരൊക്കെത്തന്നെ വെട്ടിപ്പ് നടത്തി എന്നല്ല ഞാൻ പറയുന്നത്. തരാൻ സാധിക്കുന്ന ടാക്സ് പിരിച്ചെടുക്കാൻ സാധിച്ചില്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ സ്ഥിതിയെന്താണ്? സെയിൽസ് ടാക്സ് ഓഫീസറുടേയും അസിസ്റ്റന്റ് ഓഫീസർമാരുടേയും കണക്ക് ഞാൻ പറയാം. 552 സെയിൽസ് ടാക്സ് ഓഫീസറും 745 അസിസ്റ്റന്റ് സെയിൽസ് ടാക്സ് ഓഫീസറും മാത്രമാണ്. ഇങ്ങനെയുള്ള ഒരു മെഷിനറി വച്ചുകൊണ്ട് എങ്ങനെ പൂർണ്ണമായും നിങ്ങൾ ടാർജറ്റിന്റെ അടുത്തേക്ക് എത്തും ? ഗൗരവമായി പരിശോധിക്കേണ്ടതാണ്. പ്രതിപക്ഷത്തു നിന്ന് പറയുന്നതാണ് എന്ന് നിങ്ങൾ വിചാരിക്കരുത്. ഇതിന്റെ മെഷിനറി സ്ട്രെങ്തൻ ചെയ്യണം, നിങ്ങളുടെ ആറ്റിറ്റ്യൂഡ് സ്ട്രെങ്തൻ ചെയ്യണം. ഈ പറഞ്ഞതുപോലെ 90 ശതമാനം റിട്ടേൺസും കണ്ണുംപൂട്ടി അക്സെപ്റ്റ് ചെയ്യുന്ന ഒരു ഗതികേട എന്തുകൊണ്ട് വന്നു എന്ന് ആലോചിക്കണം. ഇപ്പോൾ പറയുന്നത് ഞങ്ങൾ ഭരണ ചെലവ് കുറച്ചു. ഞങ്ങളുടെ കമ്മി നികത്തി. വാദത്തിന് സമ്മതിക്കുകയാണെങ്കിൽപ്പോലും ഒരു കാര്യം ചോദിച്ചു നോക്കട്ടെ നിങ്ങൾ യഥാർത്ഥത്തിൽ ശമ്പള ചെലവുകളും പെൻഷൻ ചെലവുകളും കുറച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ ഭാഗമായാണോ നമ്മുടെ നാട്ടിൽ വലിയ തോതിലുള്ള പ്രശ്നമുണ്ടാകുന്നത്? എന്നാണോ നിങ്ങൾ പറയുന്നത്? 2000-2001-ൽ 4496

1.00 P.M.]

കോടി രൂപയാണ് നിങ്ങളുടെ ശമ്പള ചെലവ്. അത് 35 ശതമാനമാണ്. 2001-2002-ൽ 4200 കോടി രൂപ കുറഞ്ഞു. നിങ്ങൾ വലിയ കാര്യമായി പറയുന്നത് ഞങ്ങൾ സമ്മതിക്കുന്നു. പക്ഷെ മൊത്തം ചെലവിന്റെ 33% ആണ് ഇത്. 2002-2003 ൽ ഏറ്റവും ഒടുവിൽ ശമ്പളച്ചെലവ് 4117 ആണ്. 28.6 %. മൊത്തം ചെലവിന്റേത്. നിങ്ങൾ അഭിമാനിക്കുന്നല്ലോ. എന്ത് റിസ്ക്ക് ചെയ്തുകൊണ്ടാണ്, ഈ സംസ്ഥാനത്തിന്റെ മുഖച്ഛായ എവിടെ എത്തിയിട്ടാണ് നിങ്ങൾ ചെയ്യുന്നത്. പന്ത്രണ്ടായിരം തസ്തിക നിങ്ങൾ വെട്ടിക്കുറച്ചു. ഇരുപത്തി നാലായിരം തസ്തികകൾക്ക് നിങ്ങൾ നിയമനം നൽകിയില്ല. അതിന്റെ അർത്ഥം എന്താണ്. കുറേ അധികം ചെറുപ്പക്കാർക്ക് ജോലി ലഭിച്ചില്ല എന്നതു മാത്രം ആണോ? ഞാൻ മറ്റൊരു കാര്യം പറയുകയാണ്. ജീവനക്കാർക്ക് കുറേ ആനുകൂല്യങ്ങൾ കട്ട് ചെയ്തു. കുറേ ഇപ്പോൾ പുനഃസ്ഥാപിച്ചു. പക്ഷെ ഇത്രമാത്രം വികസനം സ്തംഭിച്ച ഒരു കാലഘട്ടം ഉണ്ടായിരുന്നോ? രണ്ടു വർഷത്തിനിടയിൽ എന്തുകൊണ്ടാണ് ഇത്രമാത്രം തസ്തികകൾ കട്ട് ചെയ്തത്. നിങ്ങൾ കൂടുതൽ എവിടെയാണ് കട്ട് ചെയ്യുന്നത് എന്ന് നോക്കേണ്ടതുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റിലും നിങ്ങൾ ആളുകളെ കട്ട് ചെയ്യാൻ തീരുമാനിക്കുകയാണ്. ഞാൻ പറയുന്നതല്ല. പ്ലാനിംഗ് ബോർഡിന്റെ കണക്ക് പരിശോധിച്ചാൽ 5400 ഓളം, അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ ഏറ്റവും പ്രധാനമായിട്ട് വികസനം നടക്കുന്നിടത്ത് നിങ്ങൾ കട്ട് ചെയ്യാൻ തീരുമാനിച്ചു. 4300 ഓളം തസ്തികകൾ മൃഗസംരക്ഷണ വകുപ്പിൽ കട്ട് ചെയ്യാൻ തീരുമാനിച്ചു. ഡയറി ഡെവലപ്മെന്റ്, സോയിൽ കൺസർവേഷൻ, ഫിഷറീസ്, എന്നിങ്ങനെ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റുകളിലെല്ലാം തസ്തികകൾ വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചു. ഇതിനുള്ള പ്രൊപ്പോസൽസ് ആയിക്കൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ അല്ല എന്നു പറയട്ടെ.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഒരു പ്രസക്തമായ കാര്യം ചോദിക്കുകയാണ്. ഗവൺമെന്റിന്റെ ചെലവ് കുറയ്ക്കുകയും ധനകാര്യ മാനേജ്മെന്റിനെ മെച്ചപ്പെടുത്തും എന്നിരിക്കെ സൂചിപ്പിച്ചത് 2001 ജനുവരി ഫെബ്രുവരി മാസത്തിൽ ആയി എൽ ഡി എഫ് ഗവൺമെന്റിന്റെ കാലത്ത്, നയനാർ സർക്കാരിന്റ് കാലത്ത് ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിലേക്ക് സ്വരൂപിച്ച പന്ത്രണ്ടര കോടി രൂപയിൽ ഈ ഗവൺമെന്റ് വന്നാണ് അതിന്റെ ഫണ്ട് ചെലവഴിച്ചത്. വെറും മൂന്നര കോടി രൂപയാണ് ഗുജറാത്തിൽ അയച്ചു കൊടുത്തത്. ആ അയച്ചു കൊടുത്ത സംഖ്യ തന്നെ, നരേന്ദ്രമോഡി, ഇപ്പോഴത്തെ ഗവൺമെന്റ് വകമാറ്റി ചെലവഴിച്ചതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ആഡിറ്റ് വിഭാഗം ഗുരുതരമായ ആരോപണം ഉന്നയിച്ചിട്ടുണ്ട്. ടി. പി. അക്കൗണ്ടിൽ കിടക്കുന്ന ഒൻപതര കോടി രൂപ എന്തു ചെയ്തു എന്നത് ഇപ്പോൾ വ്യക്തതയില്ല. ഗുജറാത്തിനായി പിരിച്ചെടുത്ത സംഖ്യ പോലും ഈ ഗവൺമെന്റെടുത്ത് ചെലവഴിച്ചിട്ടുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. ബാലൻ : ഇതിലേറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിമാന്റിന്റെ ചർച്ചയിൽ പറയാം. പക്ഷെ യഥാർത്ഥത്തിൽ നിങ്ങളുടെ ധാരണ എന്താണ്. തസ്തികകൾ ഇല്ലാത്തതിൽ, ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ഇങ്ങനെ ഡൗൺസൈസ് ചെയ്തു കഴിഞ്ഞാൽ ആർക്കാണ്, ജനങ്ങൾക്ക് ഒരു തരത്തിലുള്ള വികസനവും വരില്ല. യഥാർത്ഥത്തിലുള്ള ക്രൈസിസ് എന്താണ്? ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പ് മന്ത്രി ഇതിനെപ്പറ്റി ഗൗരവതരമായി ആലോചിക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ വികസനം ആകെ തന്നെ ഒന്നും ഇല്ലാതെയാക്കിക്കൊണ്ട് ഞങ്ങൾ കമ്മി കുറച്ചു എന്നു പറയുന്നതിൽ എന്ത് അഭിമാനമാണുള്ളത്. യഥാർത്ഥത്തിൽ കേരളത്തിന്റെ മുഖച്ഛായ മാറിയിട്ടുള്ളത്, ഏറ്റവും കൂടുതൽ വികസന പ്രവർത്തനം നടന്നിട്ടുള്ളത് ഏത് കാലമാണെന്ന് അറിയാമോ ? 1970 മുതൽ 1990 വരെ. നിങ്ങളും ഭരണത്തിൽ ഉണ്ടാകും, ഞങ്ങളും ഭരണത്തിൽ ഉണ്ടാകും. അന്ന് ജീവനക്കാരുടെ എണ്ണം ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ള കാലഘട്ടമാണ്. 1969 ൽ 287485 ആയിരുന്ന ജീവനക്കാരുടെ സട്രെങ്ത് കേരളത്തിൽ 1970-ൽ 478048 ആയി. ഇങ്ങനെ വെറുതെ ശമ്പളം കൊടുക്കാൻ വേണ്ടി ആയിരുന്നില്ല. Half a million job നിങ്ങൾ നടപ്പിലാക്കിയതു തന്നെ. ഞങ്ങൾ അത് ക്രിട്ടിസൈസ് ചെയ്യുന്നതല്ല. ഇങ്ങനെയുള്ള നിരവധി പദ്ധതികൾ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റുകൾക്ക് വന്നതിന്റെ ഭാഗമായി കേരളത്തിന്റെ ചരിത്രത്തിൽ 1970 ന്റെയും 1990 ന്റെയും ഇടയിൽ ആണ് കൂടുതൽ ഡെവലപ്മെന്റ് ആക്റ്റിവിറ്റീസ് നടന്നിട്ടുള്ളത്. ഇതിൽ നിങ്ങൾക്ക് അഭിമാനിക്കാൻ ഏതെല്ലാം ജീവനക്കാരെ കട്ട് ചെയ്തു. ഇവിടെ കമ്മി ഇല്ലാതാക്കുന്നത് എന്നു പറഞ്ഞുകൊണ്ടല്ല, മറിച്ച് ഇത്തരത്തിലുള്ള ഡെവലപ്മെന്റിനു വേണ്ടി നിദാനമായി ഉദ്യോഗസ്ഥൻമാരെ വച്ചാണ്. അധികമായിട്ടുള്ള ആളുകളെ ഒരു ജോലിയും ഇല്ലാതെ ഉണ്ടെങ്കിൽ നിങ്ങൾ റീ-ഡിപ്ലോയ് ചെയ്യുകയാണെങ്കിൽ ആരും അതിന് എതിരല്ല. പക്ഷെ ഇപ്പോൾ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യം പരിശോധിച്ചാൽ ഞാൻ ഒന്നു പറയട്ടെ, ഇപ്പോൾ എം.ജി.പി എന്നു പറയുന്ന ഒന്ന് വരികയാണ്. 4330 കോടി രൂപയും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡെൽഹിയിൽ പോയി കൊണ്ടുവന്നു. 1350 കോടി രൂപയും ഇതിനുവേണ്ടി ചെലവാക്കുകയല്ലേ. Modernisation of Government Programme എന്നുള്ളതിനുവേണ്ടി. ഇതു തന്നെ എനിക്കും ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എഴുതി തന്നിട്ടുള്ളത്. ഗവൺമെന്റ് പദ്ധതി എന്നുള്ളതിനുവേണ്ടി എനിക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് എഴുതി തന്നിട്ടുള്ളതും ഇതു തന്നെയാണ്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 245 കോടി രൂപ എന്തു വകുപ്പിൽ ഈ പറയുന്ന എം.ജി.പി.-ക്ക് വേണ്ടി, ഡിജി.പി. യെപ്പറ്റി കേട്ടിട്ട് അദ്ദേഹം പോയി. സാരമില്ല വിട്ടു. ഇപ്പോൾ എം.ജി.പി. വരികയാണ്. എ.ഡി.ബി. യുടെ ഭാഗമായിട്ടാണ് വരുന്നതെന്നാണ്. അതിന്റെ കരട് അംഗീകരിച്ചു. ജനങ്ങളുമായിട്ട് ചർച്ച ചെയ്യാത്തതെന്താണ്. ചർച്ച ചെയ്യുമ്പോഴറിയാം. ഇപ്പോൾ തന്നെ നമ്മുടെ നാട്ടിൽ പാവപ്പെട്ട ആളുകളുടെ മേഖല എല്ലാത്തിന്റെയും യൂസർ ചാർജ് കൊടുക്കാൻ വേണ്ടിയിട്ടുള്ള, ഒരു പുതിയ കെണി ഇതിൽ ഉണ്ടെന്നുള്ളത് ഗൗരവതരമായിട്ട് പരിശോധിച്ച് നോക്കേണ്ടതാണ്. ഈ രൂപത്തിലാണ് പദ്ധതികൾ പുതിയ വികസനങ്ങൾ അല്ല, ജനങ്ങളെ കൂടുതൽ കൂടുതൽ അവർക്ക് ബാധ്യത കൊണ്ടു വരത്തക്ക വിധത്തിലുള്ള ഒരു നീക്കത്തിനാണ് നിങ്ങൾ തയ്യാറാകുന്നത്. എന്ന് മനസ്സിലാക്കേണ്ടതുണ്ട്. അങ്ങനെ പരിശോധിച്ച് നോക്കുകയാണെങ്കിൽ ഈ ഗവൺമെന്റ് ഗൗരവതരമായിട്ട് ആലോചിച്ച് നോക്കണം. പ്രധാനപ്പെട്ട ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ്, അതുപോലെ സോഷ്യൽ സെക്യൂരിറ്റി മെഷേഴ്സിനെക്കുറിച്ചൊക്കെ ആലോചിച്ചു നോക്കണം. എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയുടെ സ്ഥിതി എന്തെന്ന് ആലോചിച്ച് നോക്കണം. എന്താണ് വാട്ടർ സപ്ലെയുടെ സ്ഥിതിയെന്ന് ആലോചിച്ച് നോക്കണം. ഇതിന്റെ ഭാരം ഗവൺമെന്റിന് കൊടുക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ, ഹിന്ദുവിന്റെ റിപ്പോർട്ടിൽ മുഖ്യമന്ത്രി തന്നെ പറഞ്ഞു. നമുക്ക് ഇവിടെ ഒരു സംസ്ക്കാരമുണ്ട്. ആളുകൾക്ക് മദ്യം കഴിക്കാൻ കാശുണ്ട്. യൂസർ ചാർജ് കൊടുക്കാൻ ഇല്ലായെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് നിഷേധിക്കില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ചോദിക്കട്ടെ കേരളത്തിലെ മൂന്നര കോടി ജനങ്ങളെ ആ അർത്ഥത്തിലാണ് അദ്ദേഹം കണ്ടിട്ടുള്ളത്. അനാവശ്യമായിട്ടുള്ള ചെലവ് മദ്യം സേവിക്കൻ വേണ്ടി ചിലവാക്കുന്നു. പക്ഷെ യൂസർ ചാർജ് കൊടുക്കാൻ പറ്റില്ലെന്നല്ലേ ചിത്രീകരിച്ചിട്ടുള്ളത്. അത് നമുക്ക് അഭിമാനമാണോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഈ ഡെവലപ്മെന്റ് അടക്കം കൂടുതൽ കുഴപ്പത്തിൽ ആക്കിയിട്ടുള്ളത്, ഈ കഴിഞ്ഞ ജൂലായ് മുതൽ പിരിച്ചാൽ ഒരു 240 കോടി രൂപ കിട്ടും എന്നാണ്. ഈ കാശ് കൊടുത്താലും ഒരു തരത്തിലും ഈ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റാൻ വേണ്ടി സാധിക്കില്ല. എന്നു മാത്രം പറഞ്ഞുകൊണ്ട് എന്റെ ഡിസന്റ് അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതു വിൽപ്പന നികുതി (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വാറ്റ് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ 15% അഡീഷണൽ സെയിൽസ് ടാക്സ് ചുമത്തുന്നതിനു വേണ്ടിയിട്ടുള്ള ഭേദഗതിയാണ് ഈ ബില്ലിന്റെ ഭാഗമായിട്ട് കൊണ്ടുവന്നിട്ടുള്ളത്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്ന അവസരത്തിൽ ശ്രീ. ശങ്കരനാരായണൻ പറഞ്ഞത് ഇത് നികുതി രഹിതമായ ബഡ്ജറ്റാണെന്നാണ്. കേരളത്തിലെ ജനങ്ങളെ ഞെക്കി പിഴിയാത്ത, അവരെ ഒരു തരത്തിലും കഷ്ടപ്പെടുത്താത്ത, വികസനോൻമുഖമായ ഒരു ബഡ്ജറ്റ് എന്ന ഖ്യാതി ബഡ്ജറ്റിനുണ്ടെന്ന് സാധൂകരിക്കുന്നതിനുവേണ്ടിയിട്ട് അദ്ദേഹം വലിയ ശ്രമം നടത്തുകയുണ്ടായി. എന്നാൽ അദ്ദേഹം ഈ ബഡ്ജറ്റിനകത്ത് വലിയ നികുതി നിർദ്ദേശങ്ങളൊന്നും പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്ന നിലയിൽ മുന്നോട്ട് വച്ചില്ലെങ്കിലുംഈ കഴിഞ്ഞ രണ്ടു കൊല്ലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പതിനായിരം കോടി രൂപയിൽ അധികം ബാധ്യത കേരളത്തിലുള്ള ജന വിഭാഗങ്ങൾക്കു മുകളിൽ കെട്ടി ഏൽപ്പിക്കുന്ന സമീപനം വളഞ്ഞ വഴിയിലൂടെ ധനകാര്യ മന്ത്രിയുടെയും, ഗവൺമെന്റിന്റെയും ഭാഗത്തു നിന്ന് ഉണ്ടായത് ആർക്കും നിഷേധിക്കാൻ കഴിയില്ല. അദ്ദേഹം ഏൽപ്പിച്ച അധിക ഭാരത്തിനു പുറമെ വാറ്റ് നടപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു 240 കോടി രൂപ അധികമായി മേടിക്കുന്നതിനു വേണ്ടിയിട്ടുള്ള അധിക നികുതിയാണ് ഇവിടെ കൊണ്ടുവരാൻ പോകുന്നത്. ഇവിടെ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ, അദ്ദേഹം പറഞ്ഞു, കേന്ദ്ര ധനമന്ത്രി ബഹുമാനപ്പെട്ട നമ്മുടെ മന്ത്രിയോട് അദ്ദേഹം നേരിട്ട് തന്നെ പറഞ്ഞു. മി. ശങ്കരനാരായണൻ ഈ തവണ നിങ്ങൾ വാറ്റ് നടപ്പിലാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയിട്ട് തയ്യാറാകുക അതിൽ നിന്ന് പുറകോട്ട് പോകേണ്ട പ്രശ്നമില്ല. വാറ്റ് നടപ്പിലാക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രായോഗികമായിട്ടുള്ള പരിശീലനം ബന്ധപ്പെട്ട തലങ്ങളിൽ നൽകുന്നതിന് വേണ്ടിയിട്ട് തയ്യാറാക്കുക പോലും ചെയ്യാതെ ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ വാറ്റ് നടപ്പിലാക്കുവാൻ വേണ്ടിയിട്ടുള്ള വലിയ പ്രയത്നമാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. എന്നാൽ കേന്ദ്ര ഗവണ്മെന്റിന്റെ മുങ്ങൽമൂലം അദ്ദേഹത്തിന് പിൻവാങ്ങേണ്ടി വന്നു. വാറ്റ് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ന് ഈ അധിക നികുതി കേരളത്തിലെ ജനങ്ങളുടെ മുകളിൽ കെട്ടി ഏൽപ്പിക്കാൻ ശ്രമിക്കുമ്പോൾ അത് കേരളത്തിൽ എല്ലാവരേയും കെട്ടി ഏൽപ്പിക്കുന്ന അധിക നികുതിയായിട്ട് പ്രത്യക്ഷത്തിൽ നമുക്ക് അനുഭവപ്പെടുകയാണ്. ഇത് ഈ കേരളത്തിലെ ജനങ്ങളെ ഞെക്കി പിഴിയുന്നതിനു തുല്യമാണെന്നുള്ളതു കൊണ്ടാണ് ഇത് ഒഴിവാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. 240 കോടി രൂപയുടെയല്ല, 2400 കോടി രൂപ അധിക വരുമാനം ഉണ്ടാക്കുന്നതിനു ഗവൺമെന്റ് ശ്രമിച്ചാൽ കഴിയുന്ന വഴികൾ ഉണ്ട്. നമ്മുടെ സംസ്ഥാനത്തിനകത്ത് 25 ലക്ഷം കച്ചവടക്കാരുണ്ട്. അതിൽ 20 ലക്ഷം പേർ സാധാരണ കച്ചവടക്കാരാണ്. ഈ സാധാരണ സ്രാവിനു മുകളിൽ കൊമ്പുള്ള വൻകിടക്കാർ ഈ കേരളത്തിനകത്തുണ്ട്. 5 ലക്ഷത്തോളം വരുന്ന ഈ വൻകിടക്കാർക്ക് മുകളിൽ കൈവയ്ക്കാൻ ഗവൺമെന്റ് ധൈര്യം കാണിക്കുമോ ? 50 ലക്ഷം ഉറുപ്പിക വിറ്റുവരവുള്ള ആളുകൾക്ക് ടേൺ ഓവർ ടാക്സ് ചുമത്താൻ തീരുമാനിച്ചു. ഈ ടേൺ ഓവർ ടാക്സ് ചുമത്താൻ പ്രഖ്യാപിക്കുന്ന അവസരത്തിൽ വളരെ ആർജ്ജവത്തോടുകൂടി അന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യമുണ്ട്. അദ്ദേഹം ആ വായ്ത്താരി സമർത്ഥമായി വിഴുങ്ങുകയും തീരുമാനത്തിൽ നിന്ന് പുറകോട്ട് പോകുകയും ചെയ്തു. കച്ചവടക്കാരുടെ കടകൾ പരിശോധിക്കുന്നതിനു വേണ്ടി വരുന്ന ഉദ്യോഗസ്ഥൻമാരെ ബിസ്മിയും കൂട്ടി തല്ലണമെന്നു പറഞ്ഞ സംഘടനക്കാർക്ക് കീഴടങ്ങി ദേവേന്ദ്രന്റെ അച്ഛൻ മുത്തുപ്പട്ടർ വന്നുപറഞ്ഞാലും ടേൺ ഓവർ ടാക്സ് പിൻവലിക്കുന്ന പ്രശ്നമില്ല എന്നാണ് ധനകാര്യ വകുപ്പു മന്ത്രി അന്നു പറഞ്ഞത്.

ശ്രീ. ബി. വിജയകുമാർ : സർ, അവാസ്തവമായ കാര്യങ്ങളാണ് സംസാരിക്കുന്നത്. മുത്തുപ്പട്ടരുടെ മകനല്ല ദേവേന്ദ്രൻ. ഇങ്ങനെ അവാസ്തവമായ, ചരിത്രത്തെ വളച്ചൊടിക്കുന്ന പ്രസ്താവന പ്രസംഗിക്കാമോ. അങ്ങനെ ഒരാളല്ല ദേവേന്ദ്രന്റെ അച്ഛൻ. അവാസ്തവമായി ഇങ്ങനെ പറയരുത്. ചരിത്രത്തെ വളച്ചൊടിക്കരുത്. ഞങ്ങൾ ആരാധിക്കുന്ന ദൈവമാണ് ദേവേന്ദ്രൻ. അദ്ദേഹത്തെ ആ സ്ഥാനത്ത് ചിത്രീകരിക്കരുത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ആർ.എസ്.എസ്.-മായും ഹിന്ദു പ്രത്യയശാസ്ത്രവുമായും അദ്ദേഹത്തിന് അടുത്ത ബന്ധമുള്ളതുകൊണ്ട്. ദേവേന്ദ്രന്റെ അച്ഛൻ തന്നെയാണ് മുത്തുപ്പട്ടർ എന്നകാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിനു നിശ്ചയമുണ്ടാകും എനിക്ക് നിശ്ചയമില്ല. ഏതായാലും കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. ആ കാര്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തിയാൽ മതി. കേരളത്തിലെ 5 ലക്ഷം കച്ചവടക്കാർ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കണക്ക് സംസ്ഥാന സർക്കാരിനെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നില്ല. അങ്ങനെ കണക്ക് കാണിക്കാതെ വെട്ടിപ്പു നടത്തുന്ന കച്ചവടക്കാരുടെ കൈയിൽ നിന്നും നമ്മുടെ ഖജനാവിന് അവകാശപ്പെട്ടത് ധൈര്യപൂർവ്വം വാങ്ങുന്നതിനുവേണ്ടിയിട്ട്, നേതൃത്വം കൊടുക്കാൻവേണ്ടി കഴിയുന്ന ഒരു ധനമാനേജുമെന്റ് സംവിധാനം ഉണ്ടെങ്കിൽ 2400 കോടി രൂപയിലധികം നമുക്ക് കണ്ടെത്താൻ കഴിയും. അപ്പോൾ എന്തിനാണ് സാധാരണക്കാരെ ഞെക്കിപ്പിഴിയാൻ നിൽക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ബഹുമാനപ്പെട്ട മെംപർ കെ.വി. കുഞ്ഞിരാമൻ ബിസ്മി കൂട്ടി തല്ലണമെന്ന് പറഞ്ഞു. അതെന്താണെന്ന് വിശദീകരിച്ചാൽ തരക്കേടില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അത് ഞാനല്ല പറഞ്ഞത്. പറഞ്ഞവരോട് ചോദിച്ചാൽ മതി. ഇവരിൽ നിന്നും 2400 കോടി രൂപ ഉണ്ടാക്കാൻ കഴിയും. അങ്ങനെ ഉണ്ടാക്കുന്നതിനു പകരം ഒരു വല്ലാത്ത നിലയിൽ കേരളത്തിലെ ജനങ്ങളെ വിഷമിപ്പിക്കുന്നതിനു ശ്രമിക്കുകയാണ്. ഇപ്പോൾ കാർഷിക ഉല്പന്നങ്ങൾക്കും ഇത് ബാധകമാണല്ലോ. നമ്മുടെ നാട്ടിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടാകാത്ത നിലയിലുള്ള കള്ളക്കടത്ത് നടക്കുകയാണ്. റബ്ബറിന്റെ കള്ളക്കടത്ത് ഒരു കാരണവശാലും പിടിച്ചുനിർത്താൻ കഴിയാത്ത നിലയിൽ പല വഴികളിലൂടെയുണ്ടാകും വിൽപന നികുതി ചെക്ക്പോസ്റ്റ് സംവിധാനങ്ങളെല്ലാം ബലപ്പെടുത്തി ഈ കള്ളക്കടത്ത് തടയാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനെ സംബന്ധിച്ചാണ് മന്ത്രി പറഞ്ഞത്. നമ്മുടെ ചെക്ക്പോസ്റ്റിലുള്ള മിക്കവാറും എല്ലാ വഴികൾക്കും സമാന്തരമായിട്ട് ഒരു ചെക്ക്പോസ്റ്റും ഒരു പരിശോധനയുമില്ലാത്ത സമാന്തര വഴികൾ ഉണ്ട് എന്നുള്ള കാര്യം എന്തുകൊണ്ട് അങ്ങ് ഓർക്കുന്നില്ല. കേരളത്തിലെ എല്ലാ ചെക്ക്പോസ്റ്റുകളും എടുത്തുകൊള്ളൂ. ഇന്ന് കേരളത്തിൽ റബ്ബറിന് വില വർദ്ധനവുണ്ടായി. ആ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ 15.65 % നികുതി കൊടുക്കാൻ റബ്ബർ കർഷകർ ബാധ്യസ്ഥരാണ്. അങ്ങനെ കൊടുക്കേണ്ടി വരുന്ന കൃഷിക്കാർ കേരളത്തിൽ വിൽക്കുന്നതിനെക്കാളും കേരളത്തിന് പുറത്തേക്ക് പല വഴികളിലൂടെ കടത്താൻ ശ്രമിക്കുന്നുണ്ട്. അങ്ങനെ ശ്രമിക്കുന്ന ആളുകൾക്ക് അഞ്ചോ, ആറോ ചെക്ക്പോസ്റ്റുകളെ മറികടക്കുന്നതിനുവേണ്ടിയിട്ട് ഈ അഞ്ചാറ് ചെക്ക് പോസ്റ്റുകളുടെ സമാന്തരമായിട്ട് ഒരു പരിശോധനയും ഒരു ഇടപെടലും ഇല്ലാത്ത വഴികളുമുണ്ട് എന്നുള്ള യാഥാർത്ഥ്യം നമ്മൾ വിസ്മരിക്കാൻ പാടില്ല എന്നുമാത്രമല്ല 100 കണക്കിന് വണ്ടികളാണ് കടന്നു വരുന്നത്. എന്താണ് ഇവിടത്തെ ചെക്ക്പോസ്റ്റുകളിലൊക്കെ നിൽക്കുന്ന ആളുകളുടെ കൈയിലുള്ള ആയുധം? വലിയ കെട്ടുമായി വരുന്ന ഒരു ലോറിയ്ക്കകത്തുള്ള അനധികൃതമായ സാധനങ്ങൾ കണ്ടുപിടിക്കണമെങ്കിൽ ആ ലോറിയ്ക്കകത്തുള്ള മുഴുവൻ കെട്ടും പൊട്ടിച്ചിട്ട് സാധനങ്ങൾ ഇറക്കി താഴെ വച്ചിട്ടു വേണം ഇത് കണ്ടുപിടിക്കാൻ. ആ ലോറി പരിശോധിക്കാൻ ഒരു സംവിധാനം ഉണ്ടാക്കിയാൽ അത്യന്താധുനികമായ സൗകര്യങ്ങൾ സർക്കാർ ഏർപ്പെടുത്തിയാൽ ഒരുപാട് നികുതി വെട്ടിപ്പ് കണ്ടെത്താനും ഖജനാവിൽ മുതൽക്കൂട്ട് ഉണ്ടാക്കാനും കഴിയും. അങ്ങനെ ഫലപ്രദമായ ഇടപാട് നടത്തുന്നതിനാവശ്യമായ ഉത്തരവാദിത്വം ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായിട്ടുണ്ടാകണം. ഈ ഭേദഗതി വരുന്നതുകൊണ്ടുമാത്രം സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടാകുന്ന ബാധ്യത തീർച്ചയായും പരിശോധിക്കണം എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ള ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി.സ്പീക്കർ : വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. കെ. ബാബുവിന് അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് പെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപന നികുതി (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അപ്പുറത്തുള്ള ബഹുമാന്യരായ അംഗങ്ങളുടെ പ്രസംഗം കേൾക്കുമ്പോൾ ഇവിടെയില്ലാതിരുന്ന ഒരു സംപ്രദായം സംസ്ഥാന ഗവണ്മെന്റ് ജനങ്ങളുടെമേൽ അടിച്ചേൽപിക്കുകയാണെന്നു തോന്നും. അഡീഷണൽ സെയിൽസ് ടാക്സ് കഴിഞ്ഞ 2 വർഷമായി കേരളത്തിൽ നിലവിലുള്ള ഒരു സംപ്രദായമാണ്. നമുക്കെല്ലാവർക്കും അറിയാം. ഈ സാമ്പത്തിക വർഷത്തേക്ക് കൂടി ബാധകമാക്കുന്ന വളരെ ലളിതമായ ഒരു നിയമമാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. അപ്പുറത്തുള്ളയാളുകൾ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുംപോൾ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തെ ധനകാര്യ മാനേജുമെന്റ് ഏറ്റവും മികച്ചതും ഈ ഗവണ്മെന്റിന്റെ ധനകാര്യ മാനേജുമെന്റ് ഏറ്റവും പാപ്പരായതുമാണ് എന്നു വരുത്തിത്തീർക്കാൻ ശ്രമം നടത്തുകയുണ്ടായി. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തെ ഒരു വസ്തുത നമുക്ക് അറിയാം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ട്രഷറി ചെക്ക് ആർക്കും വേണ്ടായിരുന്നു. നമ്മുടെ സംസ്ഥാനത്തെ ധർമ്മക്കാരുടെ ചെക്കിനുപോലും കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തെ ചെക്കിനെക്കാളും വിശ്വസ്തതയുണ്ടായിരുന്നു. ഭിക്ഷാടനം നടത്തുന്ന ആളുകളുടെ ചെക്കിനുപോലും കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തെ ചെക്കിനെക്കാൾ വിശ്വസ്തതയുണ്ടായിരുന്നു. കാരണം നിങ്ങളുടെ കാലത്തെ ചെക്ക് വണ്ടിച്ചെക്കായി കൊണ്ടു നടക്കാം എന്നുള്ളതിൽ കവിഞ്ഞ് ഒരു കാരണവശാലും പ്രയോജനപ്രദമായിരുന്നില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള 31-3-2003 വരെയുള്ള എല്ലാ ചെക്കുകളും കൊടുത്തുതീർത്തു കഴിഞ്ഞു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തെ സ്ഥിതിയല്ല ഇത്. റവന്യൂ കമ്മിയാണ് സാമ്പത്തിക അച്ചടക്കത്തിന്റെ അളവുകോലായി കണക്കാക്കപ്പെടുന്നത്. 2000-01-ൽ 3147 കോടി രൂപയാണ് സംസ്ഥാനത്തെ റവന്യൂ കമ്മി. ഈ ഗവണ്മെന്റ് വന്നതിനുശേഷം ആ റവന്യൂകമ്മി 2605 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചു. ഇത് ഗവണ്മെന്റിന്റെ വിദഗ്ദ്ധമായ മാനേജുമെന്റിന്റെ ഭാഗമാണ്. അതുപോലെതന്നെ നിങ്ങളുടെ ഗവണ്മെന്റിന്റെ കാലത്തെ ഒരു പ്രധാന ഏർപ്പാട് റ്റി.പി., പി.ഡി. അക്കൗണ്ടുകളിൽ പദ്ധതിവിഹിതത്തിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്തെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു കൊടുക്കുക. അങ്ങനെ വെറും ബുക്ക് അഡ്ജസ്റ്റ്മെന്റ് മാത്രം. 600 കോടി രൂപ പി.ഡി. അക്കൗണ്ടിലും റ്റി.പി. അക്കൗണ്ടിലുമായി കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നിയോഗിച്ചിരുന്നു. ഈ ഗവണ്മെന്റ് വന്നതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ഈ കുടിശികയെല്ലാം കൊടുത്തുതീർത്തു എന്നുമാത്രമല്ല റ്റി.പി അക്കൗണ്ട് എന്ന സംപ്രദായം തന്നെ നിർത്തലാക്കിയിരിക്കുകയാണ്. അത് ഈ ഗവണ്മെന്റിന്റെ ഫലപ്രദമായ ധനകാര്യ മാനേജുമെന്റിന്റെ സൂചനയാണ്. സർക്കാർ വകുപ്പിൽ റ്റി.പി. അക്കൗണ്ടിലേയ്ക്കുള്ള ട്രാൻസ്ഫർ ക്രെഡിറ്റ് സംപ്രദായം നിർത്തലാക്കി. നിങ്ങൾ കൊടുക്കാതെ പോയ സർക്കാർ ജീവനക്കാരുടെ 4 ഗഡു ഡി.എ. ഈ ഗവണ്മെന്റാണ് കൊടുത്തത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഞങ്ങൾ വരുംപോൾ പെൻഷൻ പറ്റിയ ജീവനക്കാരുടെ ഒരു പ്രധാനപ്പെട്ട ആവശ്യം അവരുടെ പെൻഷൻ തുക സ്പെഷ്യൽ ഓർഡർ വഴി വാങ്ങിക്കൊടുക്കണമെന്നതായിരുന്നു. ഈ ഗവണ്മെന്റ് വന്നതിനുശേഷം പെൻഷൻ പറ്റിയ ആളുകൾക്ക് പെൻഷൻ സംഖ്യ കിട്ടുന്നില്ല എന്നുള്ള പ്രശ്നമില്ല. അങ്ങനെ വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. വളർച്ചാ നിരക്കിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2000-01-ൽ 18.55 % മാണ് നിങ്ങളുടെ ഗവണ്മെന്റിന്റെ കാലത്തെ വളർച്ചാ നിരക്ക്. 2001-02-ൽ 16.8 % വളർച്ചാ നിരക്ക് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഞാൻ പറഞ്ഞത് ധനകാര്യ വകുപ്പിലെ കണക്കാണ്. എനിക്ക് ഈ സന്ദർഭത്തിൽ ടാക്സുമായി ബന്ധപ്പെട്ട ഒന്നുരണ്ടു നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. ഒരു കാര്യം ഇൻകം ടാക്സിൽ പ്രയോറിറ്റി അപ്പീൽ സംപ്രദായമുണ്ട്. 10 ലക്ഷം രൂപയിൽ കൂടുതൽ അസ്സസ്മെന്റുള്ള കേസുകൾക്ക് പ്രയോറിറ്റി അപ്പീൽ സംപ്രദായം നിലനിൽക്കുന്നുണ്ട്. ഇവിടെ സെയിൽസ് ടാക്സിലും പ്രയോറിറ്റി സംപ്രദായം ഇൻട്രോഡ്യൂസ് ചെയ്യാൻ പറ്റുമോ എന്നുള്ളത് പരിശോധിക്കണം. മറ്റൊരു കാര്യം അസിസ്റ്റന്റ് കമ്മിഷണർ അസ്സസ്മെന്റ് ഓർഡർ കൊടുത്തു കഴിഞ്ഞാൽ 10 ദിവസത്തിനുള്ളിലാണ് പണം അടയ്ക്കേണ്ടത്. ഇത് സെയിൽസ് ടാക്സ് ഓഫീസർ ഓർഡർ നൽകിയാൽ നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് വരുംപോൾ 15 ദിവസമാണ്. ഇത് ഏകീകരിക്കാവുന്നതാണ്. അസിസ്റ്റന്റ് കമ്മീഷണർക്ക് അസ്സസ്മെന്റ് കഴിഞ്ഞാൽ അടുത്ത മാസം 10-ാം തീയതിയ്ക്കുള്ളിൽ പണം അടയ്ക്കണം. സെയിൽസ് ടാക്സ് ഓഫീസർ അസ്സസ്മെന്റ് നടത്തി ഓർഡർ കൊടുത്താൽ അടുത്ത മാസം 15-ാം തീയതി വരെ സമയമുണ്ട്. ഇത് 10-ാം തീയതി എന്നുള്ളത് ഏകീകരിക്കണം. പിന്നെ ട്രിബ്യൂണലുകളുടെ കാര്യം, ഒന്നര ലക്ഷത്തിൽ കൂടുതൽ ഉണ്ടെങ്കിൽ ജുഡീഷ്യൽ മെംബറോ ചെയർമാനോ വേണം. അങ്ങനെയുള്ള കേസ് നോക്കാൻ ഈ 2 പേരിൽ ആരെങ്കിലും ഒരാൾ വേണം. അതിനകത്ത് ഒരു മാറ്റം വരുത്താൻ സാധിക്കുമോ എന്നത് പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വിദഗ്ദ്ധമായ സാംപത്തിക മാനേജുമെന്റാണ് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ എന്റ് ഭേദഗതി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : അമെന്റ്മെന്റ് മൂവ് ചെയ്യുക മാത്രമെയുള്ളുവെങ്കിൽ നമുക്ക് അര മണിക്കൂറിനകം തീർക്കാം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം.ഹസ്സൻ) : സർ, അര മണിക്കൂർ കൊണ്ട് തീർക്കുന്നതായിരിക്കും നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കര നാരായണൻ) : ഈ ബില്ലിന്റെ മൂന്നാം ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് അഡീഷണൽ സെയിൽസ് ടാക്സ് 15ശതമാനത്തെക്കുറിച്ചൊക്കെയാണ്. ഞാൻ അവസാനം സംസാരിക്കുന്നില്ല. ഇപ്പോൾ പറയാം. 15 ശതമാനം അഡീഷണൽ സെയിൽസ് ടാക്സ് 15 ശതമാനം എന്നു പറയുന്നത് പുതുതായി കൊണ്ടുവരുന്നതല്ല. കഴിഞ്ഞ രണ്ടുവർഷം ഈ സംസ്ഥാനത്ത് നടപ്പാക്കിയിരുന്ന ഒരു വ്യവസ്ഥ ഒരു വർഷത്തേയ്ക്കുകൂടി കൊണ്ടുവരുന്നു. അത് പരിധിയില്ലാതെ സബ്ജക്ട് കമ്മിറ്റിയിൽ തീരുമാനിച്ചുവെന്നുള്ളതാണ് ശ്രീ. ടി. കെ. ബാവൻ പറഞ്ഞത്. അദ്ദേഹം അതിന് ഡിസന്റ് നോട്ട് എഴുതിതന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട തോമസ് ഐസക് പിന്നേയും കണക്കിന്റെ കസർത്ത് പറഞ്ഞുപറഞ്ഞ് സത്യമെന്താണെന്നും കണക്കെന്താണെന്നും പറയുകയില്ല. 2001-2002-ൽ രണ്ടു ശതമാനമാണ് നികുതി പിരിവിൽ വർദ്ധനവ് ഉള്ളത്. 2000-2001-ൽ അത് പതിമൂന്ന് ശതമാനമാണ്. 2002-2003-ൽ അത് 21 ശതമാനമാണ്. ഈ കണക്ക് എങ്ങനെയാണ് മാറ്റാൻ സാധിക്കുക. സർക്കാരിന്റെ കൈവശം വന്നിട്ടുള്ള വരുമാനം, സർക്കാർ ഖജനാവിൽ അടച്ചിട്ടുള്ള ടാക്സ് ഏതു കണക്കുപ്രകാരമാണ് ശരിയല്ല എന്നു പറയുക. എനിക്ക് അത് മനസ്സിലാകുന്നില്ല. അദ്ദേഹം പറഞ്ഞു കഴിഞ്ഞ പ്രാവശ്യം അത് 17 ശതമാനമാണെന്ന്. 17 ശതമാനമല്ല, 21 ശതമാനമാണ്. ഞാനത് കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. അദ്ദേഹം അത് എഗ്രീ ചെയ്തതാണ്. പക്ഷെ, ഇന്ന് അദ്ദേഹം അത് ആവർത്തിച്ചു പറയുന്നു.

ഡോ. തോമസ് ഐസക് : കഴിഞ്ഞ പ്രാവശ്യം ഞാൻ 17.7 ആണെന്ന് പറഞ്ഞു. എന്നാൽ 21 ശതമാനമാണെന്നുള്ള കണക്ക് അങ്ങ് തന്നു. ആ 21 ആണ് ശരി. പക്ഷെ, ആ 21 ന്റെ ഉള്ളിലേക്ക് കടന്ന് സംസാരിക്കുകയായിരുന്നു. അതുകൊണ്ട് അനാവശ്യമായ തർക്കം ഒഴിവാക്കണം.

ശ്രീ. കെ. ശങ്കരനാരായണൻ : അല്ല. എന്നെ സംബന്ധിച്ചിടത്തോളം ഉള്ളിലേയ്ക്കായാലും പുറത്തേയ്ക്കായാലും ടാക്സ് പിരിച്ചതിന്റെ കണക്കാണ്. Money is money പണം പണമാണല്ലോ. കുടിശ്ശിക പിരിവിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കഴിഞ്ഞ വർഷം 39 ശതമാനമാണ് കൂടുതൽ കുടിശ്ശിക പിരിച്ചത്. നമുക്ക് വേറെ മാറ്റം വരുത്താൻ സാധിക്കുകയില്ല, ഞാൻ വളരെ ദീർഘമായി ഈ കാര്യത്തെക്കുറിച്ച് സംസാരിക്കാതെ ഒരു കാര്യം പറയട്ടെ. കഴിഞ്ഞ വർഷം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,699.57 കോടി രൂപ കടം തിരിച്ചടച്ചിട്ടുണ്ട്. രണ്ടുവർഷത്തിനുള്ളിൽ ആണ് ഇത് തിരിച്ചടച്ചത്. നമ്മൾ വരുമാനം ഉണ്ടാക്കുന്നതുകൊണ്ടാണ് ഇത് ചെയ്തത്. കഴിഞ്ഞ കാലത്തുണ്ടായിരുന്ന കടം കാലാകാലങ്ങളായിട്ട് മേടിച്ചിരുന്നതല്ലേ. ഇപ്പോഴും മേടിക്കുന്നുണ്ട്. മേടിക്കാതിരിക്കാൻ പറ്റില്ലല്ലോ. അതാണ് സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറയാനുള്ളത്. ഇതിൽ അഡീഷണൽ സെയിൽസ് ടാക്സ് വരുന്നത് 15 ശതമാനമാണ്. ഇന്നുള്ള നിയമാനുസൃതമായ ടാക്സ് 8 ശതമാനമോ 10 ശതമാനമോ 12 ശതമാനോ എത്രയാണെന്നു വച്ചാൽ അതിന്റെ 15 ശതമാനേ പിരിക്കുന്നുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സർച്ചാർജ്ജ് പിരിച്ചിരുന്നു. അത് വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

ഓമനപ്പേര്. ഇനിയും ഗവൺമെന്റുകൾ മാറിമാറി വരും. അപ്പോഴും വേണ്ടിവരും. വരുമാനം ഉണ്ടാക്കിയേ പറ്റൂ. അതിന് നമ്മൾ തർക്കിച്ചിട്ട് കാര്യമില്ല. ബാക്കി പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഡിമാന്റ് ചർച്ചവരുമ്പോൾ മറുപടി പറയാം. ഏതായാലും ഈ 15 ശതാനം അഡീഷണൽ സെയിൽസ് ടാക്സ് ഇന്ന് സംസ്ഥാനത്തിന് ആവശ്യമാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് ആവശ്യമാണ്. ബാക്കി പറഞ്ഞ കണക്കുകൾക്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടിയതും കുറച്ചതും എല്ലാം നമുക്ക് സംസാരിക്കാൻ ധാരാളം സമയമുണ്ടല്ലോ. അന്ന് സംസാരിക്കാം. ഇതുമായി ബന്ധപ്പെടുത്തി പറയുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ.വി. കുഞ്ഞിരാമൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു. ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ബാബു : പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപ്പന നികുതി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri. P. Jayarajan : Sir, I move the following amendment.

(96) Clause 2 shall be recast as follows:- "Amendment of section 5D- The second proviso to section 5D of the Kerala General Sales Tax Act, 1963 shall be substituted by the following:- "Provided further that the levy of additional tax payable under this section shall only be for the period upto 31st March, 2004".

Shri Kodiyeri Balakrishnan: Sir, I move the following amendments..

(97) Clause 2 shall be recast as follows:- "In the second proviso to section 5D of the principal Act for the words "for the period up to 31st March 2003" substitute the words "for the period beginning from 15th day of July, 2003 and ending with 31st day of March, 2004".

LIBRARY ARCHIVES Kerala Legislative Assembly

(100) In Section 5D of the principal Act, the opening portion shall be recast as follows: "The tax payable under Section 5 and Section 5A shall be increased by an additional sales tax at the rate of seven per cent".

(101) In sub clause (a) of section 5D after the words "liquified petroleum gas" insert the word "kerosene".

ഇത് 15 ശതമാനം അഡീഷണൽ സെയിൽസ് ടാക്സ് വരുത്തുന്നതിനാണ് നിർദ്ദേശിക്കുന്നത്.

മി. സ്പീക്കർ : നിലവിലുള്ളതിന്റെ 15 ശതമാനം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നിലവിലുള്ളതിന്റെ 15 ശതമാനം. അങ്ങനെ വരുമ്പോൾ 10 ശതമാനം ടാക്സ് 11.5 ശതമാനമാകും. 8 ശതമാനം ടാക്സ് 9.2 ശതമാനമാകും. യഥാർത്ഥത്തിൽ ബിൽ അവതരിപ്പിച്ച സമയത്ത് മന്ത്രി പറഞ്ഞത് നികുതിരഹിതമായ ബഡ്ജറ്റാണ്. എന്നാണ്. മന്ത്രിയുടെ പ്രഖ്യാപനം അടിമുടി മാറ്റം വരുത്തുന്ന നിർദ്ദേശമാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. നിയമപരമായി നിലനിൽക്കത്തക്കവിധത്തിലുള്ള ഭേദഗതിയാണ് എന്റെ ഭാഗത്തുനിന്നും കൊണ്ടുവന്നിരിക്കുന്നത്. അതുപോലെ 100-ാത്തെ ഭേദഗതി , ഈ വകുപ്പ് നിലനിർത്താൻ തന്നെ തീരുമാനിക്കണമെന്ന് വാശിയുണ്ടെങ്കിൽ ...ഇതിപ്പോൾ സ്ഥിരം സംവിധാനമാക്കാൻ പോവുകയാണ്, ഈ ബില്ലു പ്രകാരം ആദ്യം പറഞ്ഞത് പോയി, മുമ്പ് ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് അഡീഷണൽ സെയിൽസ് ടാക്സ് വന്നത്. ഇപ്പോൾ ഇത് സ്ഥിരം സംവിധാനമായി. വലിയ തോതിലുള്ള വർദ്ധനവ് സാധാരണക്കാരുടെ മേൽ ഏർപ്പെടുത്തണമെങ്കിൽ നിങ്ങൾക്ക് അതിന് നിർബന്ധമുണ്ടെങ്കിൽ 15 ശതമാനം എന്നുള്ളതിന്റെ ആവശ്യമെന്താണ്? അഡീഷണൽ എന്നത് സ്ഥിരം സംവിധാനമാകുന്നു അതുപോലെതന്നെ 101-ാത്തെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് ഇപ്പോൾ ലിക്കർ, പെട്രോൾ, ഡീസൽ എന്നിവയെ ഒഴിവാക്കിയിരിക്കുന്നതുപോലെ മണ്ണെണ്ണ കൂടി ഒഴിവാക്കുകയാണെങ്കിൽ മൽസ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമാകും. കേറോസിനു ഐറ്റംസിന് വലിയ തോതിലുള്ള വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇത്തരം സാധനങ്ങളെയെങ്കിലും ഒഴിവാക്കുന്ന നിലപാട് സ്വീകരിക്കണം.

Shri. A.K. Balan: Sir, I move the following amendment.

(98) Clause 2 shall be recast as follows:-

2. Amendment to Section 5D: In section 5D of the principal Act substitute the word "fifteen" by the word "five".

Shri M.V. Jayarajan: Sir, I move the following amendment.

(99) Clause 2 shall be recast as follows:-

"2. Amendment to Section 5D:- In section 5D of the principal Act substitute the word "fifteen" by the word "ten".

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ 15 ശതമാനമെന്നുള്ളത് ജനങ്ങളിൽ നിന്നാണ് ഈടാക്കുന്നത്. സർച്ചാർജ്ജ് പോലെയല്ല എ.എസ്.റ്റി. അതുകൊണ്ട് 10 ശതമാനായിട്ടെങ്കിലും മാറ്റണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : 15 ശതമാനമാക്കി നിലനിർത്തുന്നതാണ്. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 97,100, 101 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 51

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " സി. ടി. അഹമ്മദ് അലി
4. " എ. കെ. ആന്റണി
5. " കെ. ബാബു
6. " ബാബുദിവാകരൻ
7. " പി. കെ. കെ. ബാവ
8. " ടി. വി. ചന്ദ്രമോഹൻ
9. " കെ. എ. ചന്ദ്രൻ
10. " എം. എ. ചന്ദ്രശേഖരൻ
11. " ഡൊമിനിക് പ്രസന്റേഷൻ
12. " പ്രയാർ ഗോപാലകൃഷ്ണൻ
13. ശ്രീമതി കെ. ആർ. ഗൗരിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. എം. എം. ഹസ്സൻ
15. " ടി. എം. ജേക്കബ്
16. " ജോസഫ് എം. പുതുശ്ശേരി
17. " പി. ജെ. ജോയി
18. " വർക്കല കഹാർ
19. ഡോ. എം. എ. കുട്ടപ്പൻ
20. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
21. " ലൂഡി ലൂയിസ്
22. " മാമ്മൻ മത്തായി
23. " സി. മമ്മൂട്ടി
24. " കെ. മോഹൻകുമാർ
25. " ആര്യാടൻ മുഹമ്മദ്
26. " എം. കെ. മുനീർ
27. പ്രൊഫ. എ. ഡി. മുസ്തഫ
28. ശ്രീ. ടി. എച്ച്. മുസ്തഫ
29. " കെ. നാരായണക്കുറുപ്പ്
30. " ഉമ്മൻ ചാണ്ടി
31. " എം. കെ. പോൾസൺ മാസ്റ്റർ
32. " വി. ജെ. പൗലോസ്
33. " അടൂർ പ്രകാശ്
34. ശ്രീമതി രാധാരാഘവൻ
35. ശ്രീ. എം. വി. രാഘവൻ
36. " എ. എൻ. രാജൻബാബു
37. " തമ്പാനൂർ രവി
38. " റോഷി അഗസ്റ്റിൻ
39. " എൻ. ശക്തൻ
40. " കെ. ശങ്കരനാരായണൻ
41. ശ്രീമതി മാലേത്ത് സരളാദേവി

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീ. വി. ഡി. സതീശൻ

43. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

44. ശ്രീ. കെ. കെ. ഷാജു

45. " സ്റ്റീഫൻ ജോർജ്

46. " എ. സുജനപാൽ

47. " സി. എഫ്. തോമസ്

48. " പി. ടി. തോമസ്

49. " തോമസ് ഉണ്ണിയാടൻ

50. " ഉമേഷ് ചള്ളിയിൽ

51. " എം. എം. വാഹീദ്

പ്രതികൂലിക്കുന്നവർ - 23

1. ശ്രീ. മഞ്ഞളാംകുഴി അലി

2. " എ. എ. അസീസ്

3. " കോടിയേരി ബാലകൃഷ്ണൻ

4. " എ. കെ. ബാലൻ

5. " ടി. കെ. ബാലൻ

6. " വി. കെ. ചന്ദ്രൻ

7. " വി. ചെന്താമരാക്ഷൻ

8. " എം. വി. ജയരാജൻ

9. " പി. ജയരാജൻ

10. " കെ. വി. കുഞ്ഞിരാമൻ

11. " വി. കെ. സി. മമ്മത്കോയ

12. " മത്തായിചാക്കോ

13. " കെ. പി. മോഹനൻ

14. " സി. കെ. നാണു

15. ഡോ. എ. നീലലോഹിതദാസൻ നാടാർ

16. ശ്രീ. കെ. രാധാകൃഷ്ണൻ

17. " കെ. പി. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. രാജു എബ്രഹാം

19. " ടി. പി. രാമകൃഷ്ണൻ

20. " സാജുപോൾ

21. " കെ. പി. സതീശ് ചന്ദ്രൻ

22. " പി. എസ്. സുപാൽ

23. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 51

പ്രതികൂലിക്കുന്നവർ - 23

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Shri. Kodiyeri Balakrishnan : Sir, I move the following amendments.

(103) In clause 3, for the words "if any registered dealer" substitute the words "if any dealer liable to be assessed under this act".

(105) In clause 3 for the words "the dealer shall be liable to remit the amount" substitute the words "the dealer shall remit the amount".

കൺസ്യൂമറിൽനിന്നും ഈടാക്കുന്ന തുക സർക്കാരിലേയ്ക്ക് അടയ്ക്കാമെന്നുള്ള വ്യവസ്ഥയാണ് ക്ളാസ് 3-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൺസ്യൂമറിൽനിന്നും പിരിച്ചെടുത്ത അഡീഷണൽ സെയിൽസ് ടാക്സ് സർക്കാരിലേയ്ക്ക് അടയ്ക്കുവാൻ കച്ചവടക്കാർ ലയബിളായിരിക്കണമെന്നാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഇതിനെ വളച്ചൊടിച്ച് എന്താണ് പറഞ്ഞത്? ഈ തുക കച്ചവടക്കാർ സർക്കാരിലേയ്ക്ക് അടയ്ക്കണം. അതുകൊണ്ട് "shall remit the amount" എന്നു നേരെതന്നെ പറഞ്ഞ് മാൻഡേറ്ററിയാക്കാനാണ് ശ്രമിക്കുന്നത്.

Shri M.V. Jayarajan : Sir, I move the following amendments.

LIBRARY ARCHIVES Kerala Legislative Assembly

(104) In clause 3, for the words and figures "to the date of coming into force of the Kerala General Sales Tax (Third Amendment) Act, 2003" substitute the words and figures "to 23rd June, 2003".

(106) In clause 3 for the words "in which case the penal provisions of the said Act shall not apply" substitute the words "failing which the penal provisions of the said Act shall apply".

എനിക്ക് സംസാരിക്കുവാനുണ്ട്, 104 ഉം 106 ഉം ഒന്നിച്ച് പറഞ്ഞാൽ മതിയോ ?

മി. സ്പീക്കർ : മതി.

ശ്രീ. എം. വി. ജയരാജൻ : 104 ന്റെയും 106 ന്റെയും വിഷയം ഈ നിയമസഭ ഈ നിയമം പാസ്സാക്കുന്നത് 23-6-2003-നാണ്. അതായത് ഇന്ന്. ഇന്നു പാസ്സാക്കി വീണ്ടും ഒരാഴ്ച നിയമവിരുദ്ധമായി സെയിൽസ് ടാക്സ് ഈടാക്കാൻ വേണ്ടി വ്യാപാരികൾക്ക് അധികാരം കൊടുക്കുകയാണ്. എന്തിനാണ് അത്? അതുകൊണ്ട് പ്രാബല്യത്തിൽ വരുന്നത് ഇന്നുവരെയെങ്കിലും എന്നാക്കണം. കഴിഞ്ഞ ഏപ്രിൽ 1 മുതൽ ഇന്നുവരെ നിയമവിരുദ്ധമായി ഉപഭോക്താക്കളിൽനിന്നു പിരിച്ച,... ആ ബില്ലൊക്കെ ഞാൻ അന്ന് ഹാജരാക്കിയതാണ്. 23-ാം തീയതി വരെ എന്നുമാത്രമായി പരിമിതപ്പെടുത്തി ഇത്രയും ദിവസം പിരിച്ച തുക ഗവൺമെന്റിലേയ്ക്ക് അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതായിരിക്കും നല്ലത്. രണ്ടാമത്തെ കാര്യം ഇതിന്റെ വാചകത്തിൽ 106, "in which case the penal provisions of the said Act shall not apply" വ്യാപാരികൾ ഉപഭോക്താക്കളിൽനിന്ന് പിരിച്ച വില്പന നികുതി അടയ്ക്കുന്നില്ലെങ്കിൽ അവരെ ഇതിൽനിന്നും ഒഴിവാക്കുക എന്നാണ്. അതു മാറ്റണം. അതു മാറ്റി ചെയ്യേണ്ടത് "failing which the penal provisions of the said Act shall apply". ഈ വില്പന നികുതി അടയ്ക്കാത്ത വ്യാപാരികളെ പിന്നൽ വ്യവസ്ഥയ്ക്ക് വിധേയമാക്കണമെന്ന രീതിയിൽ മാറ്റണം.

Shri Mathai Chacko : Sir, I move the following amendment.

(107) In clause 3, delete words "in which case the penal provisions of the said Act shall not apply."

അടച്ചാൽ ബാധകമാവില്ല എന്നത് പ്രത്യേകമായി പറയേണ്ട കാര്യമില്ല. അതു മാറ്റിയിട്ട് തിരിച്ചടയ്ക്കുകയാണ് വേണ്ടത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : ഇതിന്റെയൊന്നും പ്രശ്നം വരുന്നില്ല. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 103, 105 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 104,106 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും ഫീഠികയും പേരും

Shri M.V. Jayarajan: Sir I move the following amendment.

(90) In the Preamble substitute the words "of imposing additional sales tax" for the words "hereinafter appearing"

(94) Sub clause (2) of clause (1) may be recast as follows: "(2) It shall come into force on such date as the Government may notify in the official Gazette".

Shri Mathai Chacko : Sir, I move the following amendment.

(92) In sub clause (2) of clause (1) for the words "on the 1st day of July 2003" substitute the words "on the 1st day of August 2003".

Shri Kodiyeri Balakrishnan: Sir, I move the following amendment.

(93) Recast Sub clause (2) of clause 1 as follows: "(2) It shall come into force on the 15th day of July, 2003".

Shri A .K. Balan: Sir, I move the following amendment.

(95) Sub clause (2) of clause (1) shall be recast as follows: "(2) It shall be in force from 1st day of July, 2003 to 31st day of March, 2004".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 90, 94 എന്നീ നമ്പർ ഭേദഗതികളും ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 92-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതിയും ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

1-ാം വകുപ്പും ഫീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും ഫീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതുവില്പന നികുതി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കിതരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അരമണിക്കൂറിനകം പിരിയാമെന്ന് ഒരു ധാരണ വന്നിട്ടുണ്ട് അതുകൊണ്ട് ചുരുക്കി പറഞ്ഞാൽ കൊള്ളാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് എല്ലാംതന്നെ വളരെ ഭേദപ്പെട്ട സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ വീണ്ടും സാധാരണമായിട്ട് ജനങ്ങളുടെമേൽ ഒരു നികുതി എ.എസ്.റ്റി.യുടെ പേരിൽ അടിച്ചേല്പിക്കുന്നത് തീർച്ചയായും സാമാന്യ ജനങ്ങളെ വളരെയധികം വിഷമിപ്പിക്കുന്നതാണ്. ആ നിലയിൽ വാറ്റ് എന്ന പേരിൽ ഇവിടെ നടപ്പിലാക്കുവാൻവേണ്ടി നിങ്ങൾ ന്യായവാദം ചെയ്തത് വളരെയധികം നഷ്ടം ഖജനാവിന് ഉണ്ടാകുമെന്നുപറഞ്ഞുകൊണ്ടാണ്. അതു നടപ്പിലാക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ വളരെ ആശ്വാസമാണ് ഉണ്ടായിരുന്നത്. ആ സാഹചര്യത്തിൽ അഡീഷണൽ സെയിൽസ് ടാക്സിന്റെ നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേല്പിക്കുന്നതിന്റെ ആവശ്യകത എന്താണ് ? വളരെ ആശ്വാസകരമായ സ്ഥിതി ഉണ്ടായിരിക്കുന്ന അവസരത്തിൽ ജനങ്ങൾക്ക് സഹായകമായിട്ടുള്ള നിലപാട് സ്വീകരിക്കുന്നതിനു പകരം നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി തന്നെ അവകാശപ്പെട്ടത് നികുതി രഹിത ബഡ്ജറ്റ് എന്നാണ്. നികുതി രഹിത ബഡ്ജറ്റിന്റെ അന്തസത്ത നടപ്പിലാക്കുന്നതിന് സഹായകമായിട്ടുള്ള നിലയിൽ വാറ്റ് തന്നെ നടപ്പിലാക്കുന്നില്ല എന്നുവന്നതോടുകൂടി ബഹുമാനപ്പെട്ട നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ നികുതി രഹിത ബഡ്ജറ്റ് എന്നത് നടപ്പിലാക്കാനുള്ള എല്ലാ സാഹചര്യവും ഒരുങ്ങിയിട്ടും പിന്നെയും ജനങ്ങളുടെമേൽ കോടിക്കണക്കിന് രൂപയുടെ ഭാരം അടിച്ചേല്പിക്കുന്നതിന് നാനാ വിധത്തിൽ ജനങ്ങൾ വിഷമതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ തെല്ല് ആശ്വാസം നൽകുന്നതിനുപകരം വീണ്ടും അവരെ ഞെക്കിപിഴിയുന്നതിനുവേണ്ടിയുള്ള ഈ ശ്രമം അത്യന്തം ആക്ഷേപാർഹമാണ്. അതിനാൽ ഇതിനെ ശക്തിയായി എതിർക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, വാറ്റ് നടപ്പിലാക്കുമ്പോൾ അതു ഉണ്ടാക്കാവുന്ന നഷ്ടം നികത്താൻ വേണ്ടിയിട്ടാണ് 15 ശതമാനം എന്നു ഞാൻ ബഡ്ജറ്റിൽ പറഞ്ഞു എന്നാണ് പറഞ്ഞത്. വാറ്റ് നടപ്പിലാക്കിക്കഴിഞ്ഞാൽ ഉണ്ടാകാവുന്ന നികുതി നഷ്ടം എ.എസ്.റ്റി. ആയാലും ശരി, സംസ്ഥാന ഗവൺമെന്റിലുള്ള ടാക്സ് ആയാലും ശരി അതിൽ ഉണ്ടാകാവുന്ന നഷ്ടം 100 ശതമാനം ആദ്യത്തെ കൊല്ലം ഇൻഡ്യാ ഗവൺമെന്റ് നികുതി തരും എന്ന് വാറ്റിന്റെ നിയമത്തിൽ ഉണ്ടായിരുന്നു. അത് കഴിഞ്ഞാൽ അടുത്ത വർഷം 15 ശതമാനം പിന്നീട് സീറോ പോയിന്റിലേയ്ക്കുവരും. ആ പശ്ചാത്തലത്തിനുള്ളിൽ വച്ചുകൊണ്ടാണ് അന്ന് അതു പറയുവാനുണ്ടായ കാരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ലെന്നാണല്ലോ പറഞ്ഞത്, ഇത് പുതിയതല്ല. 2001 ഏപ്രിൽ മാസം മുതൽ ഈ സംസ്ഥാനത്ത് രണ്ട് കൊല്ലം നിലവിലുള്ളതായതുകൊണ്ട് ഇത് പുതിയതല്ല എന്നതു സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് അഭിപ്രായം ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇപ്പോൾ 4 ശതമാനം ടാക്സ് ഉള്ളതിനെ അതിന്റെ 15 ശതമാനം എന്നുപറഞ്ഞാൽ ഭസ്മക്കുറി ഇടുന്നതുമാതിരിയല്ലേയുള്ളൂ. അത്ര വലിയൊരു ടാക്സാണോ അത്? പ്രതിപക്ഷനേതാവ് പറഞ്ഞതിനെ ഞാൻ ആക്ഷേപിച്ചു പറയുകയല്ല. ഒരു കാര്യം, നമ്മുടെ സംസ്ഥാനത്തിന്റെ വികസനം നടക്കണം. അതുകൊണ്ടാണ് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ,...

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : എത്രകോടി രൂപയാണ് ഭസ്മം?

മി. സ്പീക്കർ : എന്ത് കഷ്ടമാണ് ഇത്?

ശ്രീ. കെ. ശങ്കരനാരായണൻ : പ്രതിപക്ഷനേതാവ് പറഞ്ഞത് ഞാൻ ആ അർത്ഥത്തിൽ തന്നെയാണ് എടുക്കുന്നത്. അല്ലാതെ വേറൊരു രീതിയിലും എടുക്കുന്നില്ല. പക്ഷെ നമുക്ക് ഇത് കൂട്ടാതിരിക്കുവാൻ നിവൃത്തിയില്ല. ഇതു കൂട്ടിയേ പറ്റൂ. ഇതു പിരിക്കണം. ഇതു പിരിച്ചേ പറ്റൂ. അതുകൊണ്ടാണ് ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നത്.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവില്പന നികുതി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 52

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " സി. ടി. അഹമ്മദ് അലി
4. " എ. കെ. ആന്റണി
5. " കെ. ബാബു
6. " ബാബുദിവാകരൻ
7. " പി. കെ. കെ. ബാവ
8. " ടി. വി. ചന്ദ്രമോഹൻ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. കെ. എ. ചന്ദ്രൻ
10. " എം. എ. ചന്ദ്രശേഖരൻ
11. " ഡൊമിനിക് പ്രസന്റേഷൻ
12. " പ്രയാർ ഗോപാലകൃഷ്ണൻ
13. ശ്രീമതി കെ. ആർ. ഗൗരിയമ്മ
14. ശ്രീ. എം. എം. ഹസ്സൻ
15. " വി. കെ. ഇബ്രാഹിം കുഞ്ഞ്
16. " ടി. എം. ജേക്കബ്
17. " ജോസഫ് എം. പുതുശ്ശേരി
18. " പി. ജെ. ജോയി
19. " വർക്കല കഹാർ
20. ഡോ. എം. എ. കുട്ടപ്പൻ
21. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
22. " ലൂഡി ലൂയിസ്
23. " മാമ്മൻ മത്തായി
24. " സി. മമ്മൂട്ടി
25. " കെ. മോഹൻകുമാർ
26. " ആര്യാടൻ മുഹമ്മദ്
27. " എം. കെ. മുനീർ
28. " എം. മുരളി
29. പ്രൊഫ. എ. ഡി. മുസ്തഫ
30. ശ്രീ. ടി. എച്ച്. മുസ്തഫ
31. " കെ. നാരായണക്കുറുപ്പ്
32. " എം. കെ. പോൾസൺ മാസ്റ്റർ
33. " വി. ജെ. പൗലോസ്
34. " അടൂർ പ്രകാശ്
35. ശ്രീമതി രാധാരാഘവൻ
36. ശ്രീ. എം. വി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീ. എ. എൻ. രാജൻബാബു
38. " തമ്പാനൂർ രവി
39. " റോഷി അഗസ്റ്റിൻ
40. " എൻ. ശക്തൻ
41. " കെ. ശങ്കരനാരായണൻ
42. ശ്രീമതി മാലേത്ത് സരളാദേവി
43. ശ്രീ. വി. ഡി. സതീശൻ
44. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
45. ശ്രീ. കെ. കെ. ഷാജു
46. " സ്റ്റീഫൻ ജോർജ്
47. " എ. സുജനപാൽ
48. " സി. എഫ്. തോമസ്
49. " പി. ടി. തോമസ്
50. " തോമസ് ഉണ്ണിയാടൻ
51. " ഉമേഷ് ചള്ളിയിൽ
52. " എം. എം. വാഹീദ്

പ്രതികൂലിക്കുന്നവർ – 23

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. " മഞ്ഞളാംകുഴി അലി
3. " എ. എ. അസീസ്
4. " കോടിയേരി ബാലകൃഷ്ണൻ
5. " എ. കെ. ബാലൻ
6. " ടി. കെ. ബാലൻ
7. " വി. കെ. ചന്ദ്രൻ
8. " വി. ചെന്താമരാക്ഷൻ
9. " എം. വി. ജയരാജൻ
10. " പി. ജയരാജൻ
11. " കെ. വി. കുഞ്ഞിരാമൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. വി. കെ. സി. മമ്മത്കോയ

13. " മത്തായിചാക്കോ

14. " കെ. പി. മോഹനൻ

15. " സി. കെ. നാണു

16. ഡോ. എ. നീലലോഹിതദാസൻ നാടർ

17. ശ്രീ. കെ. രാധാകൃഷ്ണൻ

18. " കെ. പി. രാജേന്ദ്രൻ

19. " രാജു എബ്രഹാം

20. " ടി. പി. രാമകൃഷ്ണൻ

21. " സാജുപോൾ

22. " കെ. പി. സതീശ് ചന്ദ്രൻ

23. " പി. എസ്. സുപാൽ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 52

പ്രതികൂലിക്കുന്നവർ - 23

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ : ഓർഡൽ ..... ഓർഡർ,..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2003 ജൂൺ മാസം 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.50-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly